# വി. ആർ.സി.എം.യു പി. സ്കൂൾ
# വല്ലങ്ങി, നെന്മാറ

സ്കൂൾ കോഡ് : 21558

# അക്കാദമിക മാസ്റ്റർ പ്ലാൻ
## 2025-26



# ഉള്ളടക്കം

1. ആമുഖം

2. ലക്ഷ്യങ്ങൾ

3. വിദ്യാലയത്തിന്റെ ലഘു ചരിത്രം

4. വിദ്യാലയം മികവിന്റെ കേന്ദ്രം – കാഴ്ചപ്പാട്

5. പദ്ധതി രൂപീകരണ പ്രക്രിയ – വിവിധ ഘട്ടങ്ങൾ

6. നിലവിലെ അവസ്ഥ വിശകലനം

7. മികവിനായി ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ – ഒറ്റനോട്ടത്തിൽ

8. പദ്ധതി വിശദാംശങ്ങൾ

   (മേഖല, ഉപമേഖല, ലക്ഷ്യം (പ്രവർത്തനങ്ങൾ)

   കാലം, ചുമതല, സാമ്പത്തിക വിശകലനം

9. പ്രതീക്ഷിത നേട്ടങ്ങൾ

10. മോണിട്ടറിംഗ്

11. ഉപസംഹാരം

# അടിസ്ഥാന വിവരങ്ങൾ

| | | | |
|---|---|---|---|
| 1. | വിദ്യാലയത്തിന്റെ പേര് | : | വി.ആർ.സി.എം.യു.പി. സ്കൂൾ |
| | വിലാസം | : | വല്ലങ്ങി, നെന്മാറ |
| | ഫോൺ | : | 04923 - 242474 |
| 2. | സ്കൂൾ കോഡ് | : | 21558 |
| 3. | വിദ്യാഭ്യാസ ഉപജില്ല | : | കൊല്ലങ്കോട് |
| 4. | വിദ്യാഭ്യാസ ജില്ല | : | പാലക്കാട് |
| 5. | റവന്യു ജില്ല | : | പാലക്കാട് |
| 6. | ബി.ആർ.സി | : | കൊല്ലങ്കോട് |
| 7. | സി.ആർ.സി | : | നെന്മാറ |
| 8. | ഗ്രാമപഞ്ചായത്ത് | : | നെന്മാറ |
| 9. | ബ്ലോക്ക് പഞ്ചായത്ത് | : | നെന്മാറ |
| 10. | ജില്ലാ പഞ്ചായത്ത് | : | പാലക്കാട് |
| 11. | നിയമസഭാമണ്ഡലം | : | ആലത്തൂർ, നെന്മാറ |
| 12. | ലോകസഭാമണ്ഡലം | : | ആലത്തൂർ |
| 13. | താലൂക്ക് | : | ചിറ്റൂർ |
| 14. | വില്ലേജ് | : | വല്ലങ്ങി |
| 15. | ഇ.മെയിൽ ID | : | vrcmupschoolvallanghy@gmail.com |

# ആമുഖം

വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം ഒരു കുട്ടിയുടെ സർവ്വതോന്മുഖമായ വളർച്ചയാണ്. അറിവ് നേടാനായി നമ്മുടെ വിദ്യാലയത്തിൽ എത്തിച്ചേരുന്ന കുട്ടിക്ക് അവൻ/അവൾ ആഗ്രഹിക്കുന്ന ആരോഗ്യകരമായ ഒരു അന്തരീക്ഷമൊരുക്കുക എന്നതാണ് ഒരു വിദ്യാലയത്തിന്റെ പ്രഥമ പരിഗണനയിൽ ഉണ്ടാകേണ്ടത്. ഒരു വിദ്യാലയത്തിന്റെ മികവ് എന്നത് അവിടത്തെ അക്കാദമിക മികവു തന്നെയാണ്. ഈ ലക്ഷ്യത്തിലൂന്നിയാണ് വി.ആർ.സി.എം. യു.പി. സ്കൂൾ എന്ന നമ്മുടെ വിദ്യാലയം, വിദ്യാലയ വികസന പദ്ധതിക്ക് രൂപം നൽകിയിരിക്കുന്നത്. അക്കാദമിക മികവിനോടൊപ്പം ഭൗതിക ആരോഗ്യ കലാകായിക മേഖലകളിലെ ഉന്നതിയും ഞങ്ങൾ ലക്ഷ്യം വയ്ക്കുന്നു. ഓരോ ക്ലാസ്സിലും ഓരോ കുട്ടിയും ആർജ്ജിക്കേണ്ട പഠനനേട്ടങ്ങൾ കണ്ടെത്തി അവയ്ക്കുവേണ്ട പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിട്ടുണ്ട്. 7–ാം തരം പൂർത്തിയാക്കുന്ന ഇവിടുത്തെ പഠിതാക്കൾ സാമൂഹികമായ മൂല്യങ്ങൾ ഉൾക്കൊണ്ടവർ കൂടിയാകണം. അതിനുതകുന്ന പ്രവർത്തനങ്ങൾ കൂടി ഉൾപ്പെട്ടതാകണം നമ്മുടെ കരിക്കുലം. അധ്യാപകർ, രക്ഷിതാക്കൾ, പൂർവ്വവിദ്യാർത്ഥികൾ, സാമൂഹിക – രാഷ്ട്രീയ സാംസ്കാരിക സന്നദ്ധ സംഘടനാ പ്രവർത്തകർ, വിവിധ സർക്കാർ, സർക്കാരിതര ഏജൻസികൾ എന്നിവയുടെ കൂട്ടായ്മയിലൂടെ മാത്രമേ ഇത്തരത്തിലുള്ളൊരു പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ കഴിയൂ. വ്യക്തമായൊരു മുന്നൊരുക്കത്തോടെ സമയബന്ധിതമായി പൂർത്തികരിക്കാവുന്ന തരത്തിലാണ് ഈ അക്കാദമിക മാസ്റ്റർപ്ലാൻ ഞങ്ങൾ തയ്യാറാക്കിയിരിക്കുന്നത്. ഹ്രസ്വകാലയളവിൽ പൂർത്തീകരിക്കാവുന്ന പദ്ധതികൾക്കുപുറമേ 3 മുതൽ 5 വർഷം വരെ കാലയളവു വേണ്ടിവരുന്ന ജനപങ്കാളിത്തത്തോടെ പൂർത്തീകരിക്കുവാൻ ഉദ്ദേശിക്കുന്ന ബൃഹത്പദ്ധതികളും ഇതിലുൾക്കൊള്ളിച്ചിട്ടുണ്ട്.

കലാകായിക ചിത്രരചനാ അധ്യാപകരും ഭാഷാധ്യാപകരും ഉൾപ്പെടെ 41 അധ്യാപകരുള്ള ഞങ്ങളുടെ വിദ്യാലയത്തിൽ 31 ക്ലാസ്സ് മുറികളിലായി തൊള്ളായിരത്തോളം കുട്ടികൾ പഠിക്കുന്നുണ്ട്. വർഷങ്ങളായി LSS, USS തുടങ്ങി അക്കാദമിക തലത്തിലുള്ള ഒട്ടേറെ പുരസ്കാരങ്ങൾക്ക് ഈ വിദ്യാലയത്തിലെ കുട്ടികൾ അർഹരായി വരുന്നു. സബ്ബ് ജില്ലാ തലത്തിലുള്ള മേളകളിലെല്ലാം ശ്രദ്ധേയമായ ഒരു സ്ഥാനം കരസ്ഥമാക്കാൻ ഞങ്ങളുടെ വിദ്യാലയത്തിനുകഴിഞ്ഞിട്ടുണ്ട്. കായികമേളകളിൽ സബ്ബ്ജില്ലയിലെ ഹൈസ്ക്കൂൾ, ഹയർസെക്കന്ററി വിദ്യാലയങ്ങൾക്ക് കടുത്ത വെല്ലുവിളി ഉയർത്തുന്നു ഇവിടുത്തെ ചുണക്കുട്ടികൾ. അത്തരം സ്കൂളുകളെ പിന്തള്ളിക്കൊണ്ട് മൂന്നാം സ്ഥാനം ഞങ്ങൾ നേടിയിട്ടുണ്ട്. സബ്ബ്ജില്ലയ്ക്കു പുറമേ ജില്ലാ മേളകളിലും മലയാളത്തിനു പുറമേ തമിഴ്, അറബി, ഉറുദു തുടങ്ങി മറ്റു ഭാഷകളിലും പ്രശസ്തമായ നേട്ടങ്ങൾ കൈവരിക്കാൻ ഞങ്ങളുടെ കുട്ടികൾക്ക് കഴിഞ്ഞിട്ടുണ്ട്.

സമൂഹത്തിലെ എല്ലാ വിഭാഗത്തിൽപ്പെട്ട കുട്ടികളേയും ഈ വിദ്യാലയത്തിലേക്ക് ആകർഷിച്ച് അവർ ആഗ്രഹിക്കുന്ന തരത്തിലുള്ള അന്തരീക്ഷവും പഠനവും പഠനബോധനതന്ത്രങ്ങളുമാണ് ഇവിടെ ആവിഷ്ക്കരിച്ചിട്ടുള്ളത്. ഈ പദ്ധതികളൊക്കെ നടപ്പിലാക്കി കഴിയുമ്പോൾ നമ്മുടെ വിദ്യാലയവും മികവിന്റെ കേന്ദ്രമായി മാറും.

## ലക്ഷ്യങ്ങൾ

- കുട്ടിയുടെ സർഗ്ഗപരമായ എല്ലാ കഴിവുകളും വികസിപ്പിക്കുന്ന തരത്തിൽ സമഗ്രവികസനം ലക്ഷ്യമാക്കി യഥാർത്ഥ വിദ്യാഭ്യാസ ലക്ഷ്യം കൈവരിക്കണം.
- പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനായി അതിനാവശ്യമായ പഠനോപകരണങ്ങൾ വിദ്യാലയത്തിലെത്തിക്കുക.
- അധ്യാപന നിലവാരം ഉയർത്തുന്നതിനാവശ്യമായ കാര്യക്ഷമമായ പരിശീലനവും ആസൂത്രണവും ഉറപ്പുവരുത്തുക
- കാർഷിക സംസ്ക്കാരവും മാലിന്യ നിർമാർജ്ജനവും ഒരു സംസ്ക്കാരമായി രൂപപ്പെടുത്തിയെടുക്കുക.
- സ്കൂൾ കാമ്പസ് ലഹരി വിമുക്തമാക്കുക
- പഠനം രസകരമാക്കുന്നതിന് ഉപകരിക്കുന്ന വിധത്തിലുള്ള വിവിധ പ്രവർത്തനങ്ങൾ നടപ്പാക്കുക
- ഓരോ ക്ലാസ്സിലും കുട്ടി നേടിയിരിക്കേണ്ട ശേഷികൾ വിഷയാടിസ്ഥാനത്തിൽ നേടിയെടുക്കുവാൻ വേണ്ടുന്ന പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുക.
- ആധുനിക സൗകര്യമുള്ള വായനശാല, ലബോറട്ടറി എന്നിവ ഒരുക്കുക
- ഓരോ കുട്ടിയ്ക്കും മൂന്നു ഭാഷകൾ (മാതൃഭാഷ, രാഷ്ട്രഭാഷ, ഇംഗ്ലീഷ്) അനായാസം കൈകാര്യം ചെയ്യുവാനുള്ള കഴിവ് ലഭിക്കുന്നു.
- സാമൂഹിക രംഗത്തെ ധാരണ, പരിസ്ഥിതി ജ്ഞാനം തുടങ്ങിയവ ഓരോ കുട്ടിയും കൈവരിക്കണം.
- പഠനവിഷയങ്ങളിൽ ആശയദൃഢത ഉണ്ടാകണം. കണക്ക് സയൻസ്, ഐ.ടി. വിഷയങ്ങളിൽ ധാരണയും കഴിവും നേടണം.
- വോട്ടവകാശം ലഭിക്കുമ്പോൾതന്നെ തൊഴിലെടുക്കാനുള്ള കഴിവ് വികസിപ്പിച്ചെടുക്കണം.
- "കാമ്പസ് തന്നെ പാഠപുസ്തകം" എന്ന ആശയത്തിലൂന്നി സ്ക്കൂളിൽ പച്ചത്തുരുത്തുകൾ സൃഷ്ടിച്ചെടുക്കുക.

# വി.ആർ.സി.എം.യു.പി. സ്കൂൾ – വല്ലങ്ങി

## പിന്നിട്ട കാൽപ്പാടുകൾ

ജീവിതത്തിന്റെ മഹനീയ ലക്ഷ്യമായി വിദ്യാഭ്യാസത്തെ കണ്ടവരാണ് പൂർവ്വികരിൽ പലരും. സമ്പാദ്യത്തിന്റെ നല്ലൊരംശം അതിനുവേണ്ടി വിനിയോഗിച്ചവരാണവർ. അത്തരം ചില സുമനസ്സുകളുടെ സദ്ഭാവനകളിൽ ഉദിച്ച നെയ്ത്തിരികളാണ് ഗ്രാമങ്ങളിലെ വിദ്യാലയങ്ങൾ. വല്ലങ്ങി സി.കെ.എം.എം.യു.പി. സ്കൂളും (പഴയപേര്) ഈ വിഭാഗത്തിൽപെട്ട ഒരു വിദ്യാക്ഷേത്രമാണ്.

ആഢ്യത്വംകൊണ്ടും ആഭിജാത്യം കൊണ്ടും പേരെടുത്തൊരു തറവാടാണ് വിത്തനശ്ശേരി പൂക്കോട്ടെ തറവാട്. കറകളഞ്ഞ വിനയം കൊണ്ടും, അടിയുറച്ച സേവനവ്യഗ്രതകൊണ്ടും പ്രഥമഗണനീയനായിരുന്നു ഈ സ്കൂളിന്റെ സ്ഥാപകനായ ശ്രീ. പി. ഗോവിന്ദൻ കുട്ടി മന്നാടിയാർ. സ്വാതന്ത്ര്യലബ്ധിക്കുമേറെ മുമ്പേ 1943 ൽ ശ്രീമാൻ കൃഷ്ണൻ ചെട്ടിയാരുടെ എൽ.പി. സ്കൂളിനോട് ചേർന്ന് ഒരു യു.പി. സ്കൂൾ തുടങ്ങുകയായിരുന്നു അദ്ദേഹം ചെയ്തത്. അകാലത്തിൽ വിട്ടുപിരിഞ്ഞ തന്റെ സഹോദരനും വിദ്യാസമ്പന്നനുമായിരുന്ന ശ്രീ. ചിപ്പുക്കുട്ടി മന്നാടിയാരുടെ സ്മാരകമായിട്ടാണ് ഈ സരസ്വതീ ക്ഷേത്രം സ്ഥാപിച്ചത്.

സ്ഥാപക മാനേജരും പ്രധാന അധ്യാപകനും ശ്രീ. ഗോവിന്ദൻകുട്ടി മന്നാടിയാർതന്നെയായിരുന്നു (1943 – 70) വളർച്ചയുടെ പടവുകൾ അതിവേഗം താണ്ടിയ ഈ വിദ്യാലയത്തോട് അടുത്തുള്ള എൽ.പി. സ്കൂളും ചേർക്കപ്പെട്ടതോടെ അറിയപ്പെട്ടൊരു അപ്പർ പ്രൈമറി സ്കൂളായി ഇതു മാറി. അധ്യയനത്തിൽ ഉന്നതനിലവാരം പുലർത്തിയ ഈ സ്കൂളിലെ വിദ്യാർത്ഥികൾ പൊതു പരീക്ഷകളിൽ അഭികാമ്യമായ വിജയം കൈവരിച്ചു. കുട്ടികളുടെ കലാകായിക സിദ്ധികൾ പരിപോഷിപ്പിക്കുന്നതിലും ഇവിടത്തെ സാരഥികൾ ബദ്ധ ശ്രദ്ധരായിരുന്നു.

1970 ൽ ശ്രീ ഗോവിന്ദൻകുട്ടി മന്നാടിയാർ സർവ്വീസിൽ നിന്നും വിരമിച്ചശേഷം ശ്രീ. പൊന്നുമണി മന്നാടിയാർ (1970 – 84) ശ്രീ. പി. ബാലകൃഷ്ണൻ (1984 – 89), ശ്രീ. കെ.വി. കിട്ടു (1989 – 91), ശ്രീമതി കെ. മീനാക്ഷിക്കുട്ടി (1991 – 95) ശ്രീമതി പി. വസന്തകുമാരി (1995 – 2001), ശ്രീമതി എം. കദീജ (2001 – 2004), ശ്രീമതി കെ.എൻ. പങ്കജം (2004 – 2008) ശ്രീ. ആർ. രാധാകൃഷ്ണൻ (2008 – 2017), ശ്രീമതി കെ. ചന്ദ്രിക (2017) എന്നിവർ പ്രധാനാധ്യാപകരായി സേവനമനുഷ്ഠിച്ചു.

ശ്രീ. ഗോവിന്ദൻകുട്ടി മന്നാടിയാരുടെ വിയോഗത്തിനുശേഷം (1993) അദ്ദേഹത്തിന്റെ മകൾ ശ്രീമതി ടി.പി. ഹേമാംബിക മാനേജരായി ചുമതലയേറ്റു. (1993 – 2004) അവരുടെ കാലത്താണ് സ്കൂളിന്റെ സുവർണജൂബിലി കൊണ്ടാടപ്പെട്ടത്. സ്ഥാപക മാനേജർ സ്മാരക സുവർണ ജൂബിലി മന്ദിരം ഇക്കാലത്താണ് പണി കഴിപ്പിച്ചത്.

2004 ൽ ഈ വിദ്യാലയത്തിന്റെ അഭ്യുദയകാംക്ഷിയും വിദ്യാതത്പരനുമായ ശ്രീ. വടക്കേ രാവുണ്യാരത്ത് നാരായണൻനായർ ഈ വിദ്യാലയം ഏറ്റെടുത്തു. സ്നേഹനിധിയായ തന്റെ മാതാവ് ശ്രീമതി. ചിന്നമ്മയുടെ സ്മരണാർത്ഥം വി.ആർ.സി.എം.യു.പി. സ്കൂൾ വടക്കേ രാവുണ്യാരത്ത് ചിന്നമ്മ മെമ്മോറിയൽ അപ്പർ പ്രൈമറി സ്കൂൾ എന്ന് നാമകരണം ചെയ്യുകയും ചെയ്തു.

2007ൽ ശ്രീ. വി.ആർ. നാരായണൻ നായരുടെ മരണശേഷം അദ്ദേഹത്തിന്റെ മരുമകൾ ശ്രീമതി. പി. സുമംഗല സ്കൂളിന്റെ ചുമതല ഏറ്റെടുത്തു. ഒരു എയ്ഡഡ് വിദ്യാലയമായിരുന്നിട്ടും ജില്ലയിലെ മികച്ച വിദ്യാലയങ്ങളിലൊന്നാക്കി മാറ്റാൻ അവരുടെ തുടർന്നുള്ള ഇടപെടലുകൾ കൊണ്ട് സാധിച്ചു. മെച്ചപ്പെട്ട ഭൗതിക സാഹചര്യങ്ങൾ ഒരുക്കി മികച്ച ക്ലാസ്സ് മുറികൾ, ഫർണിച്ചറുകൾ, ടോയ്‌ലറ്റ് സൗകര്യങ്ങൾ, വിശാലമായ കളിസ്ഥലം, നവീകരിച്ച അടുക്കള, യാത്രാസൗകര്യത്തിനായി ബസ്സുകൾ, കമ്പ്യൂട്ടർ പഠനസൗകര്യം എന്നിവ എടുത്തു പറയേണ്ടതാണ്. കൂടാതെ പഠന പ്രോത്സാഹനത്തിനായി ഒട്ടേറെ സ്കോളർഷിപ്പുകൾ നൽകി വരുന്നുണ്ട്.

ഇംഗ്ലീഷ് മീഡിയം ക്ലാസ്സുകൾ, കരാട്ടെ ക്ലാസ്സുകൾ, പ്രത്യേക കായിക പരിശീലനം, സ്കോളർഷിപ്പു കാസ്സുകൾ, മികച്ച ക്ലബ്ബ് പ്രവർത്തനങ്ങൾ തുടങ്ങി സ്കൂളിന്റെ മികവുകൾ ഏറെയാണ്.

സ്കൂളിന്റെ സഹോദര സ്ഥാപനം എന്ന നിലയിൽ പ്രവർത്തിച്ചുവരുന്ന കിഡ്സ് ഗാർഡനിൽ 260 തിലധികം കുട്ടികൾ പഠിക്കുന്നു. കൂടാതെ അനുബന്ധ സ്ഥാപനങ്ങളായ ലയ കലാക്ഷേത്ര, കമ്പ്യൂ ഗാർഡൻ എന്നിവയിലും ധാരാളം കുട്ടികൾ വിദ്യ അഭ്യസിച്ചു വരുന്നു.

സേവന തത്പരരായ അധ്യാപകർ, സ്കൂളിന്റെ ദൈനംദിന കാര്യങ്ങളിൽ ഇടപെടുന്ന പി.ടി.എ, പൂർവ്വ വിദ്യാർത്ഥികൾ, മറ്റ് അഭ്യുദയകാംക്ഷികൾ, സർവ്വപിന്തുണയും നൽകുന്ന മേലധികാരികൾ തുടങ്ങി ഒട്ടേറെ പേർ സ്കൂളിന്റെ പുരോഗതിക്കായി പ്രവർത്തിക്കുന്നു.

ആയിരങ്ങൾക്ക് അറിവിന്റെ അക്ഷരാഗ്നി പകർന്നു നല്കി നിരവധി മഹത് വ്യക്തിത്വങ്ങളെ വാർത്തെടുക്കുന്നതിൽ ഈ സരസ്വതി ക്ഷേത്രം പങ്കുവഹിച്ചിട്ടുണ്ട്.

## 4. നമ്മുടെ വിദ്യാലയം – മികവിന്റെ കേന്ദ്രം

### കാഴ്ചപ്പാട്

- ഓരോ കുട്ടിയെയും ഓരോ യൂണിറ്റായി കണക്കാക്കി ആ കുട്ടിയുടെ മാനസികവും ശാരീരികവും സാമൂഹികവുമായ പൂർണ വളർച്ചയ്ക്കുതകുന്ന ഒരിടമായി വിദ്യാലയത്തെ മാറ്റിയെടുക്കുക.
- പാഠ്യ–പാഠ്യാനുബന്ധ പ്രവർത്തനങ്ങളിൽ സജീവ താത്പര്യത്തോടെ ഓരോ കുട്ടിയും പങ്കെടുക്കുന്നതിനുള്ള വിദ്യാലയന്തരീക്ഷം സൃഷ്ടിച്ചെടുക്കുക.
- മാനുഷിക മൂല്യങ്ങൾ വളർത്തിയെടുക്കുവാനുള്ള സാഹചര്യം സൃഷ്ടിക്കുക.
- ശുചിത്വം എന്നത് സ്വന്തം ശരീരത്തിന്റേതുമാത്രമല്ല എന്ന അവബോധം ഓരോ കുട്ടിയിലും വളർത്തിയെടുക്കുക.
- ഓരോ ക്ലാസിലും കുട്ടി നേടിയെടുക്കേണ്ട ശേഷികൾ അവർ നേടുന്നുണ്ടെന്ന് ഉറപ്പാക്കുക
- പാർശ്വവത്ക്കരിക്കപ്പെട്ടവർക്ക് പ്രത്യേക പരിഗണനയും പങ്കാളിത്വവും ഉറപ്പാക്കുന്ന വിദ്യാലയന്തരീക്ഷം ഒരുക്കിയെടുക്കുക.
- പാരിസ്ഥിതികാവബോധം ഓരോ കുട്ടിയിലും രൂപപ്പെടുത്തിയെടുക്കുവാനുള്ള സാഹചര്യം വിദ്യാലയത്തിലൊരുക്കുക
- ആധുനിക സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തിയുള്ള മികച്ച പഠനത്തിനായി എല്ലാ ക്ലാസ്സ് മുറികളും ഹൈടെക്കാക്കുക
- ജൈവവൈവിധ്യ ഉദ്യാനം നിലവിൽ വരുമ്പോൾ കാമ്പസ് തന്നെ പാഠപുസ്തകം എന്ന ആശയം സാക്ഷാത്കരിക്കപ്പെടും. ഇതുവഴി
- കാർഷിക സംസ്ക്കാരമുള്ള ഒരു തലമുറ വളരും. പ്രകൃതിയെ സ്നേഹിക്കുവാനും അതിന്റെ സംരക്ഷകരാവാനും അവർക്കു കഴിയും.
- പ്ലാസ്റ്റിക് വിമുക്ത, ലഹരി വിമുക്ത, കീടനാശിനി വിമുക്തമായൊരു കാമ്പസ് ഉരുത്തിരിയുമ്പോൾ ഇതിനെക്കുറിച്ച് അവബോധമുള്ള ഒരു പുതുതലമുറയെ വാർത്തെടുക്കാനാവും

- അദ്ധ്യാപക ശാക്തീകരണം കഴിവും സമർപ്പണ മനോഭാവവുമുള്ള അദ്ധ്യാപകസമൂഹത്തെ രൂപപ്പെടുത്തുന്നു. ഇത് വിദ്യാഭ്യാസപുരോഗതിക്ക് വഴിയൊരുക്കുന്നു.
- വിദ്യാലയ പ്രവർത്തനങ്ങൾ ആകർഷകമായിത്തീരുമ്പോൾ കുട്ടികളുടെ പ്രവേശന നിരക്ക് വർദ്ധിക്കും.
- വിദ്യാലയത്തിലെ മികച്ച പ്രവർത്തനങ്ങൾ കുട്ടികളുടെ പിന്നോക്കാവസ്ഥ ഇല്ലാതാക്കും.
- തൊഴിലധിഷ്ഠിത വിദ്യാഭ്യാസം വോട്ടവകാശം ലഭിക്കുന്ന പ്രായത്തിൽ തന്നെ തൊഴിൽ നേടാനുള്ള കഴിവ് ഓരോരുത്തരിലും സൃഷ്ടിക്കും
- നമ്മുടെ വിദ്യാലയം മികവിന്റെ കേന്ദ്രമായി മാറും. പൊതുസമൂഹത്തിന്റെ അംഗീകാരം പിടിച്ചു പറ്റുന്ന ഒന്നായിത്തീരും. അന്താരാഷ്ട്ര

  നിലവാരമുള്ള വിദ്യാഭ്യാസം ലഭിക്കുന്ന ഒരു കേന്ദ്രമായിത്തീരും നമ്മുടെ വിദ്യാലയം.

## പദ്ധതി രൂപീകരണ പ്രക്രിയ

1. SRG യോഗത്തിൽ സമഗ്ര വികസന കാഴ്ചപ്പാട് ചർച്ച ചെയ്ത് നിലവിലുള്ള അവസ്ഥ വിശകലനം നടത്തി
2. അധ്യാപകരുടെ നേതൃത്വത്തിൽ വിദ്യാലയത്തിന്റെ വികസനാവശ്യങ്ങളുടെ കരട് എഴുതി തയ്യാറാക്കി
3. കരട് രൂപരേഖ PTA, OSA, SDC, പഞ്ചായത്ത് പ്രതിനിധികൾ തുടങ്ങിയവർ അടങ്ങുന്ന ശില്പശാലയിൽ അവതരിപ്പിച്ചു.
4. ശില്പപശാലയിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ കൂട്ടിച്ചേർത്തു.
5. വിവിധ ഗ്രൂപ്പുകളായി വികസന പദ്ധതികൾ ചർച്ച ചെയ്ത് മുൻഗണനാക്രമം നിശ്ചയിച്ചു.
6. ഹ്രസ്വകാല, ദീർഘകാല പദ്ധതികൾ ചിട്ടപ്പെടുത്തി.
7. ഭൗതിക സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കി
8. സ്കൂളിലെ വിവിധ കമ്മിറ്റിയംഗങ്ങൾ, PTA അംഗങ്ങൾ, OSA, പഞ്ചായത്ത് അംഗങ്ങൾ തുടങ്ങി പരമാവധി ആളുകളെ പങ്കെടുപ്പിച്ച് ഏകദിന വികസന സെമിനാർ സംഘടിപ്പിച്ചു.
9. പദ്ധതി നടത്തിപ്പിനായി സാമ്പത്തിക സമാഹരണത്തിന്റെ തുടക്കം സെമിനാറിൽ വച്ചു നടന്നു.
10. PTA യുടെ നേതൃത്വത്തിൽ ക്രോഡീകരിച്ച പദ്ധതിരേഖ തയ്യാറാക്കി.

## നിലവിലെ അവസ്ഥ – വിശകലനം

### ഭൗതിക നേട്ടങ്ങൾ

8 കെട്ടിടങ്ങളിലായി 31 ക്ലാസ്സ് മുറികൾ ഉണ്ട്. ഓഫീസ്, സ്റ്റാഫ് റൂം എന്നിവ പ്രത്യേകം മുറികളിൽ പ്രവർത്തിക്കുന്നു. വേണ്ടത്ര ജലലഭ്യതയുള്ള 8 ശൗചാലയങ്ങളും ആവശ്യത്തിന് മൂത്രപ്പുരകളും കൈകഴുകാനുള്ള ടാപ്പുകളും ഉണ്ട്. വിസ്താരമുള്ള കളിസ്ഥലവും ഒരു ഓപ്പൺ എയർ സ്റ്റേജുമുണ്ട്. ഭക്ഷണം പാകം ചെയ്യുന്നതിനായി ഗ്യാസ് അടുപ്പോടുകൂടിയ വൃത്തിയുള്ള അടുക്കളയും അരിയും മറ്റു സാധനങ്ങളും സൂക്ഷിച്ചുവയ്ക്കാനാവശ്യമായ സ്റ്റോർ റൂമുമുണ്ട്. ക്ലസ്റ്റർ സ്കൂൾ ആയതിനാൽ പുസ്തകങ്ങൾ സൂക്ഷിക്കുന്നതിനായി സ്റ്റോർ റൂമുമുണ്ട്. ലൈബ്രറിയും ഈ മുറിയിൽ തന്നെയാണ് ഒരുക്കിയിരിക്കുന്നത്. ഇന്റർനെറ്റ്, വൈ – ഫൈ സൗകര്യം ഉണ്ട്.

### ഭൗതിക പരിമിതികൾ

- ലബോറട്ടറിക്കായി പ്രത്യേകം മുറി ഇല്ല
- പുസ്തകങ്ങൾ ഉണ്ടെങ്കിലും ഇരുന്നു വായിക്കുവാൻ പ്രത്യേകം വായനാമുറി ഇല്ല
- ഭോജനശാല ഇല്ല. കുട്ടികൾ ക്ലാസ്സുറൂമിൽ തന്നെ ഇരുന്നാണ് ഭക്ഷണം കഴിക്കുന്നത്
- ഓഡിറ്റോറിയം ഇല്ലാത്തതിനാൽ മഴയത്തും വെയിലത്തും അസംബ്ലി നടത്തുവാനും മറ്റു പൊതുപരിപാടികൾ നടത്തുവാനുമുള്ള സൗകര്യം ഇല്ല.
- സ്മാർട്ട് ക്ലാസ്സ് റൂം, ഡിജിറ്റൽ ക്ലാസ്സ് റൂം എന്നിവയുടെ അഭാവം പഠനത്തെ സാരമായി ബാധിക്കുന്നു.
- അടുക്കള മാലിന്യ സംസ്ക്കരണത്തിന് ശരിയായ സംവിധാനം ഇല്ല.

## അക്കാദമിക നേട്ടങ്ങൾ

സബ്ബ് ജില്ല, ജില്ലാ തലങ്ങളിൽ കലാ കായിക പ്രവൃത്തി പരിചയ മേളകളിൽ വർഷം തോറും തിളക്കമാർന്ന വിജയം കരസ്ഥമാക്കിയിട്ടുണ്ട്. എല്ലാ വർഷവും എൽ.എസ്.എസ് പരീക്ഷയിൽ സബ്ബ് ജില്ലയിൽ തന്നെ ഏറ്റവും കൂടുതൽ കുട്ടികൾ വിജയിക്കുന്ന സ്കൂളുകളിൽ ഒന്നാണ് നമ്മുടേത്. ക്വിസ്സ് തുടങ്ങി സബ്ബ് ജില്ല, ജില്ലാ തലത്തിലുള്ള വിവിധ മത്സരങ്ങളിലും മാധ്യമങ്ങൾ നടത്തുന്ന പ്രവർത്തനങ്ങളിലും നമ്മുടെ കുട്ടികൾ പങ്കെടുത്ത് വിജയം കൈവരിക്കാറുണ്ട്. എല്ലാ വർഷവും ഏറ്റവും കൂടുതൽ കുട്ടികൾ സ്പോർട്സ് സ്കൂളിലേക്കുള്ള അഡ്മിഷൻ നേടുന്ന സ്കൂളുകളിൽ ഒന്നാണ് നമ്മുടേത്. എല്ലാ കുട്ടികൾക്കും കായികക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കരാട്ടെ, നീന്തൽ, സൈക്കിളിങ്ങ് എന്നിവയുടെ പരിശീലനം നൽകുന്നുണ്ട്. എല്ലാ ക്ലാസ്സുകളിലും A ഗ്രേഡ് നേടുന്നവരുടെ എണ്ണം ഉയർത്തികൊണ്ടുവരുവാനും D ഗ്രേഡ്, E ഗ്രേഡ് നേടുന്നവരുടെ എണ്ണം കുറച്ചുകൊണ്ടുവരുവാനും സാധിച്ചിട്ടുണ്ട്. ഏതാനും ഭിന്നശേഷിക്കാരായ കുട്ടികളെ ഒഴിവാക്കിയാൽ മാതൃഭാഷ എഴുതുവാനും വായിക്കുവാനും കഴിവുള്ളവരാണ് മറ്റെല്ലാ കുട്ടികളും.

## അക്കാദമിക പരിമിതികൾ

വിവിധ മത്സര പരീക്ഷകളിലെ കുട്ടികളുടെ മികവ് ഇനിയും വർദ്ധിക്കേണ്ടതുണ്ട്. ഒപ്പം കുട്ടികളുടെ പ്രാതിനിധ്യവും വർദ്ധിക്കേണ്ടതുണ്ട്. മാതൃഭാഷ ഒഴികെയുള്ള ഭാഷകളിലെ ആശയവിനിമയ നൈപുണ്യം വളർത്തിയെടുക്കേണ്ടതുണ്ട്. ഗ്രന്ഥശാല നവീകരണവും ലബോറട്ടറിയുടെ ആധുനികവത്ക്കരണവും ആവശ്യമാണ്. ഒപ്പം ക്ലാസ്സ് ലൈബ്രറിയുടെ ക്രമീകരണവും നടത്തേണ്ടതുണ്ട്.

## 7. മികവിനായ് ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ

a) ഭാഷാശേഷി വികസനം
b) വായന പരിപോഷണം
c) ലൈബ്രറി ശാക്തീകരണം
d) ഇംഗ്ലീഷ് പഠന പരിപോഷണം
e) സംസ്കൃതം, അറബിക് പരിപോഷണം
f) ശാസ്ത്ര പോഷണ പരിപാടികൾ
g) ലബോറട്ടറി ആധുനികവൽക്കരിക്കൽ
h) ഗണിതശേഷി വികസനം
i) ജൈവവൈവിധ്യ പാർക്ക്
j) ദിനാചരണങ്ങൾ
k) സ്കൂൾ പത്രം / മാസിക
l) പഠനയാത്ര – ഫീൽഡ് ട്രിപ്പ്
m) കലാകായിക പഠന പരിപോഷണം
n) വിവര സാങ്കേതിക വിദ്യ പഠനനേട്ടത്തിനായി

# ഭാഷ

| ലക്ഷ്യം | പ്രവർത്തനം | കാലാവധി | ചുമതല |
| --- | --- | --- | --- |
| 1. ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ■ പ്രീടെസ്റ്റ് (രണ്ടാം പ്രവൃത്തി ദിവസം)<br>■ അക്ഷരം ഉറപ്പിക്കൽ<br>■ ചിഹ്നം ഉറപ്പിക്കൽ<br>■ വാക്കുകൾ നിർമിക്കൽ<br>■ വാക്യങ്ങൾ നിർമിക്കൽ<br>■ ചിത്രങ്ങൾ നൽകി കഥപറയൽ – കഥയെഴുതൽ | 2 മാസം | ക്ലാസ്സ് അധ്യാപകർ PTA, BRC |
| | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ്സ് | വർഷാവസാനം വരെ | " |
| | ■ ക്ലാസ്സുകളിൽ പത്രലഭ്യത ഉറപ്പാക്കുക | August മുതൽ അവസാനം വരെ | |
| 2. കുട്ടിയെ മികച്ച വായനക്കാരനാക്കുക | ■ ക്ലാസ്സ്തല വായനക്കൂട്ട രൂപീകരണം, ക്ലാസ്സ്തല ലൈബ്രറി സജ്ജീകരണം | " | |
| | ■ പുസ്തകശേഖരണം | " | |
| | ■ സ്കൂൾ ലൈബ്രറി നവീകരിക്കൽ | " | |
| | ■ വായനാക്കുറിപ്പ് | " | |
| | ■ പ്രതിമാസ പതിപ്പ് നിർമാണം | " | |
| | ■ പ്രതിമാസ ക്വിസ് | " | |
| | ■ അസംബ്ലിയിലുള്ള പുസ്തകപരിചയം | " | |
| | ■ അസംബ്ലിയിലുള്ള പത്രവാർത്തവായന | " | |
| | ■ കവിതാലാപനം | | |

| ലക്ഷ്യം | പ്രവർത്തനം | കാലാവധി | ചുമതല |
|---|---|---|---|
| 3. കുട്ടിയെ മികച്ച എഴുത്തുകാരനാക്കൽ | ■ വായനാമത്സരം സംഘടിപ്പിക്കുക (പ്രശ്നോത്തരി)<br>■ സാഹിത്യകാരൻമാരുമായുള്ള അഭിമുഖം<br>■ കവിതാവതരണം<br>■ കഥ നാടകീകരിക്കൽ<br>■ കഥയരങ്ങ് സംഘടിപ്പിക്കൽ<br>■ ക്ലാസ്സ്തല എഴുത്തുകൂട്ടം<br>■ പുസ്തക ചർച്ച<br>■ അനുഭവകുറിപ്പ്<br>■ ആസ്വാദനക്കുറിപ്പ്<br>■ പ്രതികരണക്കുറിപ്പ്<br>■ വായനാക്കുറിപ്പ്<br>■ വിശകലനക്കുറിപ്പ്<br>■ ആമുഖം തയ്യാറാക്കൽ<br>■ ഇൻലന്റ് മാഗസിൻ | വർഷാവസാനം വരെ | ക്ലാസ്സ് അധ്യാപകർ<br>PTA |
| 4. കുട്ടിയെ മികച്ച സർഗ പ്രതിഭയാക്കൽ | ■ മനോവിചാരത്തിന്റെ രചന<br>■ ചുമർ പത്രിക<br>■ സാഹിത്യകാരൻമാരെക്കുറിച്ച് - ജീവചരിത്രക്കുറിപ്പ് തയ്യാറാക്കൽ - പതിപ്പാക്കൽ<br>■ വിവിധ സാഹിത്യ ശാഖകൾ പരിചയപ്പെടൽ | വർഷാവസാനം വരെ | |

| ലക്ഷ്യം | പ്രവർത്തനം | കാലാവധി | ചുമതല |
|---|---|---|---|
| 4. കുട്ടിയെ മികച്ച സർഗ പ്രതിഭയാക്കൽ | ■ വിദ്യാരംഗം സാഹിത്യവേദിയോടനുബന്ധിച്ച് കഥ, കവിത ഉപന്യാസ രചനാ മത്സരങ്ങൾ<br>■ കുട്ടിയെ മികച്ച പ്രാസംഗികനാക്കാൻ ദിനാചരണത്തോടനുബന്ധിച്ച് പ്രസംഗമത്സരം സംഘടിപ്പിക്കൽ<br>■ ദിനാചരണങ്ങളോടനുബന്ധിച്ച് സ്ക്കിറ്റ് അവതരണം<br>■ കുട്ടികൾതന്നെ അസംബ്ലി സംഘടിപ്പിക്കുന്നു<br>■ കലോത്സവങ്ങളിൽ പങ്കെടുപ്പിക്കൽ<br>■ ഭിന്നശേഷിക്കാർക്കും അംസബ്ലി സംഘടിപ്പിക്കാനുള്ള അവസരം നൽകുന്നു.<br>■ സ്ക്കൂൾ ആകാശവാണി (ഉച്ചയ്ക്ക്) സർഗാത്മക പ്രകടനത്തിന് അവസരം നല്കുന്നു.<br>■ പാഠപുസ്കവുമായി ബന്ധപ്പെട്ട ഭാഷാപ്രൊജക്ടുകൾ തയ്യാറാക്കൽ | വർഷാവസാനം വരെ | ക്ലാസ്സ് അധ്യാപകർ<br>PTA |

| ലക്ഷ്യം | പ്രവർത്തനം | കാലാവധി | ചുമതല | |
|---|---|---|---|---|
| 5. ലൈബ്രറി നവീകരണം | ■ സ്കൂൾ ലൈബ്രറി പുസ്തകങ്ങൾ വിഷയാടിസ്ഥാനത്തിൽ ക്രമീകരിക്കുന്നു. (കഥ, കവിത, നാടകം, നോവൽ, ചെറുകഥ etc)<br>■ ഓരോ ക്ലാസ്സിലേക്കും അധിക വായനയ്ക്കുവേണ്ട പുസ്തകങ്ങളുടെ ലിസ്റ്റ് തയ്യാറാക്കൽ<br>■ പുസ്തകശേഖരണം<br>■ ആനുകാലിക പ്രസിദ്ധീകരണങ്ങൾ ഉറപ്പാക്കൽ (ബാലരമ, ബാലഭൂമി, കളിക്കുടുക്ക, തളിര്, പൂർണോദയ etc)<br>■ വായനാമൂല സജ്ജീകരിക്കൽ<br>Table & chair<br>■ പുസ്തകപ്രദർശനം സംഘടിപ്പിക്കൽ<br>■ കുട്ടികളുടെ സ്വന്തം ലൈബ്രറി വികസനം<br>■ മികച്ച വിജയം കരസ്ഥമാക്കുന്ന കുട്ടികൾക്ക് പുസ്തകം സമ്മാനമായി നൽകൽ<br>■ പിറന്നാൾ പുസ്തകശേഖരണം<br>■ ലൈബ്രറി Register സൂക്ഷിക്കൽ | April, May<br>June, July<br>"<br>വായനാവാരം ഓണം, ക്രിസ്തുമസ്സ് പരീക്ഷയോടനുബന്ധിച്ച് | അധ്യാപകർ<br>വിദ്യാരംഗം കലാസാഹിത്യവേദി അംഗങ്ങൾ<br>PTA<br>SSA | **BRC**<br>**Panchayath**<br>**SSA**<br>**Manager** |

# വാർഷിക പദ്ധതി (Sanskrit)

| ലക്ഷ്യം | പ്രവർത്തനം | കാലാവധി | ചുമതല |
|---|---|---|---|
| 1. എല്ലാ കുട്ടികൾക്കും സംസ്കൃതത്തിൽ തിരിച്ചറിയൽ കാർഡ് | ഒന്നാം ക്ലാസ്സ് മുതൽ ഏഴാം ക്ലാസ്സ് വരെയുള്ള എല്ലാ കുട്ടികൾക്കും പേര്, സ്കൂൾ, വിലാസം ഉൾപെടുത്തിയ കാർഡ് | ജൂൺ | സംസ്കൃത അധ്യാപിക<br>പ്രധാന അധ്യാപിക |
| 2. ദിവസവും നിത്യോപയോഗപദങ്ങൾ സംസ്കൃതത്തിൽ ഉപയോഗിക്കാനുള്ള അവസരം | ഓരോ ദിവസവും ഓരോ പുതിയവാക്ക് നിത്യോപയോഗത്തിൽ പ്രയോഗിക്കുവാനുള്ള പരിശീലനം | ജൂൺ മുതൽ<br>വർഷാവസാനം വരെ | അധ്യാപിക |
| 3. പ്രീടെസ്റ്റ് നടത്തി വിലയിരുത്തി തുടർപ്രവർത്തനങ്ങളുടെ ആസൂത്രണം | പ്രീടെസ്റ്റ് നടത്തി കുട്ടികളെ നിവാരത്തിനനുസരിച്ച് തരം തിരിച്ചിരുത്തുകയും അതിനനുസരിച്ച് പഠനപ്രവർത്തനം നടത്തുന്നു. | ജൂൺ | അധ്യാപിക |
| 4. അക്ഷര കാർഡ്, ചിത്ര ചാർട്ട്, വാക്കുകൾ എഴുതിയ കാർഡ് നിർമ്മാണം, ഉപയോഗവും | അക്ഷരങ്ങളും, പദങ്ങളും, ഉറപ്പാക്കാൻ രസകരമായി അക്ഷരകാർഡ്, ചിത്രചാർട്ട് നിർമിക്കുകയും അതിലൂടെ അക്ഷരങ്ങൾ തിരിച്ചറിയാൻ കുട്ടികളെ പ്രാപ്തരാക്കുന്നു. പഴങ്ങളും, പച്ചക്കറികൾ, പക്ഷിമൃഗാദികൾ, മഹാൻമാർ, സാഹിത്യക്കാരൻമാർ എന്നിവരുടെ ചിത്രങ്ങളും ചേർത്ത് വായിക്കാനായി സജ്ജീകരിക്കും. | ജൂൺ മുതൽ<br>ആഗസ്റ്റ് വരെ | സംസ്കൃത അധ്യാപിക<br>പി.ടി.എ |

# വാർഷിക പദ്ധതി (Sanskrit)

| ലക്ഷ്യം | പ്രവർത്തനം | കാലാവധി | ചുമതല |
|---|---|---|---|
| 5. സംസ്കൃത അസംബ്ലി | പ്രാർത്ഥന, പ്രതിജ്ഞ, വാർത്താവായന, മഹത് വചനങ്ങൾ, ഗ്രന്ഥ പരിചായനം, സുഭീഷിതാലാപനം മുതലായവ ഉൾപ്പെടുത്തി സംസ്കൃതാന്തരീക്ഷം സൃഷ്ടിക്കുന്നു. ആഴ്ചയിലൊരിക്കൽ സംസ്കൃത അസംബ്ലി നടത്തും. ഓരോ ആഴ്ചയിലും അസംബ്ലി നിശ്ചിത ക്ലാസ്സുകൾക്കായിരിക്കും | ജൂൺ മുതൽ വർഷാവസാനം വരെ | അധ്യാപിക |
| 6. സംസ്കൃത ക്ലബ്ബ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കൽ | സ്കൂൾ തുറക്കുന്ന ആഴ്ച ക്ലബ്ബ് രൂപീകരിക്കുന്നു. പ്രവർത്തന പദ്ധതി തയ്യാറാക്കുന്നു. | വർഷാവസാനം വരെ | അധ്യാപിക<br>കുട്ടികൾ |
| 7. ദിനാചരണങ്ങൾ | ദിനാചരണങ്ങൾ സംസ്കൃത ക്ലബ്ബിന്റെ നേതൃത്വത്തിൽ ക്ലാസ്റൂം പ്രവർത്തനമായും, അതുമായി ബന്ധപ്പെട്ടവരുടെ ജീവിതാനുഭവങ്ങൾ പങ്കുവയ്ക്കാവുന്ന ചിത്രപ്രദർശനം, ചാർട്ട് തയ്യാറാക്കൽ ക്വിസ് മത്സരം, പോസ്റ്റർ നിർമാണം. | വർഷാവസാനം വരെ | അധ്യാപിക/<br>പ്രധാനാധ്യാപകൻ/<br>എസ്.ഡി.സി |
| 8. സംസ്കൃത ലൈബ്രറി | ഓരോ ക്ലാസിനും അനുയോജ്യമായ പുസ്തകങ്ങൾ ശേഖരിക്കുകയും, വായന ഉറപ്പിക്കുകയും വായനാക്കുറിപ്പ് തയ്യാറാക്കാനും അത് ക്ലാസിൽ അവതരിപ്പിക്കാനുള്ള അവസരവും. | ജൂൺ മുതൽ | അധ്യാപിക<br>പി.ടി.എ |

| ലക്ഷ്യം | പ്രവർത്തനം | കാലാവധി | ചുമതല |
| --- | --- | --- | --- |
| 9. ഐ.സി.ടി ഉപയോഗം കൂടുതൽ കാര്യക്ഷമമായി ഉപയോഗിക്കൽ | പാഠഭാഗങ്ങൾ ഐ.സി.ടി. സഹായത്തോടെ ലളിതമാക്കുന്നു. പാഠഭാഗവുമായി ബന്ധപ്പെട്ട അതികാംശ പ്രവർത്തനങ്ങൾക്കും ഉപയോഗപ്പെടുത്തുന്നു. സംസ്കൃത ടൈപിംഗിന്റെ പ്രാഥമിക പാഠങ്ങൾ വിദ്യാർത്ഥികൾക്ക് നല്കും | ജൂൺ മുതൽ | അധ്യാപിക |
| 10. കുട്ടികൾക്ക് വ്യാകരണ പരിശീലനവും സംസ്യകൃതം സംസാരിക്കാനുള്ള പ്രത്യേക പരിശീലനം | ആഴ്ചയിലൊരിക്കൽ വ്യാകരണ ക്ലാസുകൾ, സംസ്കൃതത്തിൽ സംസാരിക്കാനുള്ള ശേഷി വർദ്ധിപ്പിക്കൽ പ്രത്യേക പരിശീലനം നൽകുകയും ക്ലാസുകളിൽ സംസ്കൃതാവതരണം സൃഷ്ടിക്കുന്നു. | വർഷാവസാനം വരെ | അധ്യാപിക |
| 11. പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം | പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി ചിത്രചാർട്ട്, ഐ.സി.ടി, ചിത്രകഥാപുസ്തകം, വർക്ക് ഷീറ്റ് എന്നിവ നൽകി പരിശീലനം നൽകുന്നു. | ആഗസ്റ്റ് വരെ | അധ്യാപിക |
| 12. സംസ്കൃത വർക്ക്ഷീറ്റ് നിർമ്മാണം | ഒന്നുമുതൽ ഏഴുവരെയുള്ള ഓരോ പാഠത്തിന്റെയും അനുബന്ധ പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ തുടർപ്രവർത്തനം എന്ന രീതിയിൽ വർക്ക്ഷീറ്റ് നിർമാണവും അത് പ്രയോജനപ്പെടുത്തൽ | വർഷാവസാനം വരെ | അധ്യാപിക/ OSA |

| ലക്ഷ്യം | പ്രവർത്തനം | കാലാവധി | ചുമതല |
|---|---|---|---|
| 13. സംസ്കൃത ദിനത്തോടനുബന്ധിച്ച് കലാപരിപാടികൾ, പ്രദർശനം | രചനാമത്സരം, കഥാകഥനം, പദ്യം ചൊല്ലൽ, ഗാനാലാപനം സംഘഗാനം എന്നീ പരിപാടികളും, പുസ്തക പ്രദർശനവും നടത്തുന്നു. | സെപ്റ്റംബർ | സംസ്കൃത അധ്യാപിക |
| 14. സംസ്കൃത കൈയ്യെഴുത്ത് മാസിക | ഓരോ പാഠഭാഗത്തിനുവേണ്ടി ജൂൺ മാസം മുതൽ തയ്യാറാക്കുന്ന കുട്ടികളുടെ ഉൽപ്പന്നങ്ങൾ ജനുവരി മാസത്തിൽ ഒരു കൈയ്യെഴുത്ത് മാസികയായി പൊതുവേദിയിൽ പ്രകാശനം ചെയ്യുന്നു. | ജൂൺമുതൽ ജനുവരി | അധ്യാപിക പ്രധാനാധ്യാപിക സംഭാവന |

# അറബി പഠന പരിപോഷണം

## അറബിഭാഷയുടെ അക്കാദമിക മികവിനായി ചെയ്യാവുന്ന പ്രവർത്തനങ്ങളും അവയുടെ വിശദാംശങ്ങളും

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. അക്ഷരങ്ങൾ പഠിപ്പിക്കൽ | ചിത്ര ചാർട്ട്, അക്ഷര കാർഡ് എന്നിവ കാണിച്ച് വായിക്കാനും, എഴുതാനും കുട്ടികൾക്ക് കഴിയുന്നു. | ജൂൺ | അറബിക് ക്ലാസ്സ് ടീച്ചർ | |
| 2. എല്ലാ കുട്ടികൾക്കും തിരിച്ചറിയൽകാർഡ് നിർമ്മാണം | ഓരോ കുട്ടിക്കും ഒരു കാർഡ് കൊടുക്കുകയും അതിൽ അവരുടെ പേരും ക്ലാസ്, സ്കൂളിന്റെ പേര് എഴുതുവാൻ ആവശ്യപ്പെടുന്നു. | | അറബിക് ക്ലാസ്സ് ടീച്ചർ | |
| 3. ദിവസവും നിത്യോപയോഗ പദങ്ങൾ ഉപയോഗിക്കാനുള്ള അവസരം | ക്ലാസ്സിൽ അറബിവാക്കുകൾ പറയാനുള്ള കുടുതൽ അവസരം ഉണ്ടാക്കുക | | അറബിക് ക്ലാസ്സ് ടീച്ചർ | |
| 4. അറബി അസംബ്ലി | അറബി അസംബ്ലി നടത്താൻ കുട്ടികളെ ഒരുക്കാം | | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 5. അറബി ക്ലബ്ബ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കൽ | ക്ലബ്ബിന്റെ പ്രവർത്തനങ്ങൾക്കുവേണ്ടി കുട്ടികൾക്ക് നിർദ്ദേശം കൊടുക്കാം | | അറബിക് ക്ലബ്ബ് | |
| 6. അറബി ലൈബ്രറി | ആഴ്ചയിൽ ഒരു ദിവസം അറബി പുസ്തകങ്ങൾ വിതരണം ചെയ്യുകയും അത് വായിച്ചു കഴിഞ്ഞാൽ തിരിച്ചേൽപ്പിക്കാൻ പറയുകയും ചെയ്യാം | July | അറബിക് ക്ലബ്ബ് | PTA |
| 7. I.C.T ഉപയോഗം കാര്യക്ഷമമാക്കൽ | Text book എടുക്കുന്നതോടൊപ്പം I.C.T യുടെ ഉപയോഗം കുട്ടികൾക്ക് കാണിച്ചു കൊടുക്കാം | August | അറബിക് ടീച്ചർ | PTA |
| 8. വ്യാകരണപരിശീലനവും അറബി സംസാരിക്കാനുള്ള പ്രത്യേക പരിശീലനം | അറബി സംസാരിക്കാനുള്ള അവസരം ക്ലാസ്സിൽ ഉണ്ടാക്കുക. | September | അറബിക് ടീച്ചർ | PTA |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 9. പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി പ്രത്യേക പരിശീലനം | ■ കളിയിലൂടെ, വാക്കുകൾ പഠിപ്പിക്കാം<br>■ അക്ഷരകാർഡുകൾ, വാക്കുകളുള്ള കാർഡുകൾ നോക്കി വായിക്കാനും എഴുതാനും വാചകങ്ങൾ ഉണ്ടാക്കാനും കഴിയുന്നു.<br>■ കൂട്ടുകാർ തമ്മിൽ പ്രവർത്തനങ്ങൾ കൊടുക്കുകയും അതു മനസിലാക്കി തമ്മിൽ തമ്മിൽ പ്രവർത്തിക്കുന്നു. കളിക്കുന്നു. അതിലൂടെ ഭാഷയുടെ ഘടന സ്വായത്തമാക്കുന്നു. | Oct | ക്ലാസ്സ് ടീച്ചർ & അറബിക് ടീച്ചർ | — |
| 10. അറബി വർക്ക്ഷീറ്റ് നിർമ്മാണം ഉപയോഗം | അക്ഷരങ്ങൾ, പദസൂര്യൻ, കഥ, കവിത, വിവരണം എന്നിവ കൊടുത്തു കുട്ടികളോട് ഉണ്ടാക്കാൻ പറയുന്നു. | Nov | " | — |
| 11. അറബി ദിനത്തോടനുബന്ധിച്ച് കലാപരിപാടികൾ | ഇതിനുവേണ്ടി നിർദ്ദേശങ്ങൾ കൊടുക്കുന്നു. | Dec | " | — |
| 12. അറബി കൈയ്യെഴുത്ത് മാസിക | ഇതിനായി കുട്ടികൾക്ക് കഥ, കവിത, വിവരണം, ചിത്രങ്ങൾ എന്നിവ ഉണ്ടാക്കാൻ നിർദ്ദേശങ്ങൾ കൊടുക്കുന്നു. | Jan<br>Feb | "<br>" | —<br>— |

## For the excellence in English language

## The details about the intended activities for the excellence in *English*

| Sl No. | Aim | Activities | Time | Responsibility | Economic source |
|---|---|---|---|---|---|
| 1. | **To understand how much language the children have attained** | **Conduct pretest - Dividing them into 3 groups according to their performance**<br>**1st group - They can comprehend read, write and talk a bit**<br>**2nd group - They can comprehend upto some extend read and write**<br>**3rd group - Can't comprehend and write, reading is also not satisfactory** | **The first term** | **The Class teacher** | |
| 2. | For the students<br>3rd group | a) Through games<br>singing a song<br>Simon Simon<br>Touch your head<br>Simon Simon<br>Make a round | | | |

| Sl No. | Aim | Activities | Time | Responsibility | Economic source |
|---|---|---|---|---|---|
| | | Simon Simon<br>Nod your head.....<br>Make the child do according to the song - with the teacher<br>b) Word cards - letter cards<br>forming words from letters and little sentences from these words using these cards<br>c) The child giving instruction to his friend and behave accordingly hearing the language through small give and takes in english among the peer group | Two months<br><br>three months | Class teacher & English teacher<br><br>" | |
| 3. | For the progress of the 2nd group students | The child in this group can read and write. He can understand small instructions but is unable to speak and write on his own. So to rectify the problem we can make use of the following methods. | 3 - 4 months | | |

| Sl No. | Aim | Activities | Time | Responsibility | Economic source |
|---|---|---|---|---|---|
| 4. | For the development of all the language skills for all students | a) English class library<br>Extra reading and extended reading will help. For this english reading materials including books, magazines, newspapers should be included in the class library | 3 years | SRG & School library | Staff & PTA (200 per class) |
| | | b) Use a multimedia class room which can provide a model for proper pronounciation and better sentence structure. A class once in a week for each class | 2 years to built such a class | Manager & staff | Rs. 150000 from OSA & panchayat |
| | | English assembly twice in a week<br>All the classes will be given a chance by turn.<br>Teachers can give message in English | Twice a week | Class teacher & English Teacher | |

| Sl No. | Aim | Activities | Time | Responsibility | Economic source |
| --- | --- | --- | --- | --- | --- |
| 5. | To write english without mistakes | Dairy entries of daily incidents developing it as a habit | All working days | Class teacher | ------- |
| 6. | Making use of english language creatively | English drama presentation in the assembly<br>writing scrips and presenting them | Once a month | English teacher | 100 per drama (staff fund) |
| 7. | Speaking the language with proper pronounciation | Spoken english classess<br>Appoint a teacher to train all the teachers to handle the language fluently. Students can use this facility for one year. | June to August | HM & English teacher | Staff & Manager |
| | | Reading a news about any current affairs through the school 'Akashavani'. | One year | Eng. Club | |

| Sl No. | Aim | Activities | Time | Responsibility | Economic source |
|---|---|---|---|---|---|
| 8. | Learning through games | Make the language acquisition a fun<br>a) making word puzzle<br>b) Adding adjectives to word<br>Making bigger sentences using prepostions and other parts of speech eg. A boy → A boy to school → a boy to school by bus → A boy to school by bus with friends. | Once in a week | Class teacher | ------- |
| 9. | Bringing out their creative talent in English | Class Magazine<br>Class magazine in english<br>Let it be a manuscript copy which includes all type of careative writings by students<br>Publishing it as a magazine | In each month | Class teacher & Eng. Club | Rs. 500 from PTA |

| Sl No. | Aim | Activities | Time | Responsibility | Economic source |
|---|---|---|---|---|---|
| 10 | Giving enough chance to speak write and learn with out mistakes | **English test**<br>This should include a variety of programmes including competition in spelling, dialogue presentation, listening comprehension, caption writing, language quiz<br>Besides this debates on contemporary issues, extempore mock interview etc. should be included. A short film presentation, dramas must also be included maximum students should be included prizes must be given to the winners. | 5 days | Eng club<br>SRG<br>PTA<br>&<br>All school staff<br>/ | 6000 from OSA |

# സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1 മുതൽ 7 വരെ ക്ലാസ്സുകളിലെ പരിസരപഠന പ്രവർത്തനങ്ങൾ ഫലപ്രദമായി ചെയ്യുന്ന തിനും പഠനനേട്ടം ഉറപ്പാക്കുന്നതിനും എല്ലാ ക്ലാസ്സിലും ശാസ്ത്രമൂല ഉറപ്പാക്കൽ | റഫറൻസ് പുസ്തകം, കുട്ടികൾ ഉണ്ടാക്കിയ ഉത്പന്നങ്ങളുടെ പ്രദർശനം | ജൂൺ ജൂലൈ | ക്ലാസ്സ് അധ്യാപകൻ | |
| സയൻസ് ക്ലബ്ബ് രൂപീകരണം | ഒരു പ്രവർത്തനം നൽകി അത് തയ്യാറാക്കി വരുന്ന കുട്ടികളെ ഉൾപ്പെടുത്തി ക്ലബ്ബ് രൂപീകരിക്കുന്നു. ഓരോ മാസവും ശാസ്ത്രജ്ഞരുമായി ബന്ധപ്പെട്ട ദിനാചരണങ്ങൾക്ക് പോസ്റ്റർ, പരിക്ഷണം എന്നിവ നടത്തുന്നു. | എല്ലാ മാസവും | സയൻസ് അധ്യാപകരും ക്ലബ്ബ് അംഗങ്ങളും ക്ലാസ്സ് ടീച്ചർ | |
| ശാസ്ത്രീയമനോഭാവം രൂപപ്പെടുത്തൽ | ശാസ്ത്രത്തിന്റെ രീതി ജനപക്ഷ ശാസ്ത്രത്തിന്റെ അനിവാര്യത ശാസ്ത്രം ജനനന്മയ്ക്ക് എന്നിവ കേന്ദ്രീകരിച്ചുള്ള ക്ലാസ്സുകൾ, സംവാദങ്ങൾ തുടങ്ങിയവ സംഘടിപ്പിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | സയൻസ് ക്ലബ്ബ് | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്രപഠനം രസകരമാക്കൽ | പഠനയാത്ര – കാർഷിക സർവകലാശാല | വർഷത്തിൽ ഒരു പ്രാവശ്യം | PTA<br>Science club | Science club<br>PTA |
| മേളകൾ ശാസ്ത്രം പ്രവർത്തനമാണ് എന്ന് മനസ്സിലാക്കുക | സ്കൂൾതലം ശാസ്ത്രമേളയിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കൽ ഉപജില്ലാതലത്തിൽ പരമാവധി പങ്കാളിത്തം | വർഷത്തിൽ ഒരു പ്രാവശ്യം | Science club | PTA |
| സയൻസ് ലാബ് നവീകരണം | വിവിധ ഉപകരണങ്ങളും, രാസവസ്തുക്കളും ഫിസിക്സ്, കെമസ്ട്രി, ബയോളജി എന്നിങ്ങനെ ഇനം തിരിച്ച് കേന്ദ്രീകരിക്കൽ. കാറ്റലോഗ് തയ്യാറാക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | Science club<br>& Science teaches | School grant<br>teachers grant |
| | ലഘുപരീക്ഷണത്തിനുള്ള സാമഗ്രികൾ ഭൂരിഭാഗവും ചുറ്റുപാടിൽ നിന്നും ലഭിക്കുമെന്ന് കുട്ടികൾക്ക് മനസ്സിലാവും പാല്, വെള്ളം, മണ്ണ്, ഗ്ലാസ്സ്, പുളി, തൈര്, കണ്ണാടി, പച്ചിലകൾ, etc എന്നിവ ചുറ്റുപാടിൽ നിന്നു ലഭിക്കുന്നു. | June to March | അധ്യാപകൻ<br>കുട്ടികൾ | ----------- |
| പാഠപുസ്തകങ്ങളിലെ ഉയർന്ന നിലവാരത്തിലുള്ള പരീക്ഷണങ്ങൾ കണ്ട് മനസ്സിലാക്കാൻ അവസരം ലഭിക്കുന്നു. | Globe, Iron rod, lens, testtube, microscope, magnet, dropper, Acid, Iodine etc. | June to March | അധ്യാപകൻ | School grant<br>teachers grant |

| ഗണിതശേഷി വികസനം | | | | | |
|---|---|---|---|---|---|
| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| I | എല്ലാ കുട്ടികൾക്കും അവർ നേടിയിരിക്കേണ്ട (ക്ലാസ്തലം) സംഖ്യാബോധത്തിലുള്ള ശേഷികൾ ഉറപ്പാക്കൽ | | | | |
| 1 | 1 മുതൽ 20 വരെയുള്ള സംഖ്യകളെ വലിപ്പത്തിനനുസരിച്ച് ക്രമീകരിക്കുന്നു. | ചിത്രങ്ങൾ നിരീക്ഷിച്ച് വസ്തുക്കളുടെ എണ്ണം താരതമ്യം ചെയ്യുന്നു. നമ്പർ കാർഡ്, സംഖ്യാമാല എന്നിവ ഉപയോഗിച്ച് കൂടുതൽ പ്രവർത്തനങ്ങൾ ചെയ്യിക്കുന്നു. | 2 months | Maths teacher | |
| 2 | 100 ൽ താഴെയുള്ള സംഖ്യകൾ ക്രമമായി എഴുതുന്നു. | 10 ന്റെയും 1 ന്റെയും കൂട്ടങ്ങളായി പുളിങ്കുരു നല്കി രണ്ടക്കസംഖ്യകളുടെ രൂപീകരണം നടത്തുന്നു. കളിനോട്ടുകൾ നല്കി ചില്ലറയാക്കുന്ന പ്രവർത്തനത്തിലൂടെ രണ്ടക്കസംഖ്യകളെ വ്യാഖ്യാനിക്കുന്നു. | 4 months | Maths teacher | |
| 3 | മൂന്നക്കസംഖ്യകളും നാലക്ക സംഖ്യകളും വ്യാഖ്യാനിക്കുന്നു. | ♦ 100 എണ്ണം വീതമുള്ള ഈർക്കിൽ കഷണങ്ങളുടെ കെട്ടുകളാക്കി പ്രവർത്തനം ചെയ്യിക്കുന്നു.<br>♦ സ്ഥാനവില പോക്കറ്റ് ഉപയോഗിച്ച് സംഖ്യകൾ ക്രമീകരിക്കുക<br>♦ ഡൈസ് കളി<br>♦ സംഖ്യാകാർഡുകൾ ഗ്രൂപ്പുകളിൽ നല്കി സ്ഥാനവില ഉറപ്പാക്കുന്നു.<br>♦ വർക്ക്ഷീറ്റ് നല്കുന്നു. | 1 year | Maths teacher | |

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 4 | ഭിന്നസംഖ്യകൾ, ദശാംശസംഖ്യകൾ ശതമാനം എന്നിവയെകുറിച്ചുള്ള ധാരണ ഉറപ്പാക്കൽ | ◆ Fraction disc നിർമ്മിച്ച് ഭിന്നസംഖ്യകൾ പരിചയപ്പെടുത്തുന്നു. തുടർന്ന് തുല്യഭിന്നങ്ങൾ കണ്ടെത്തുന്നു.<br>◆ സ്ട്രിപ്പുകൾ ഉപയോഗിച്ച് ഭിന്നസംഖ്യയെക്കുറിച്ചുള്ള ധാരണ ഉറപ്പിക്കുന്നു.<br>◆ ദശാംശരൂപത്തിലുള്ള സംഖ്യകളെ സ്ഥാനവില പോക്കറ്റ് ഉപയോഗിച്ച് വ്യാഖ്യാനിക്കുന്നു.<br>◆ സ്ട്രോ ഉപയോഗിച്ച് $\frac{1}{10}$, $\frac{1}{100}$, $\frac{1}{1000}$ ഈ ഭിന്നസംഖ്യകളാണ് ദശാംശസംഖ്യകൾ എന്ന് വ്യാഖ്യാനിക്കുന്നു. | 1 year | Maths teacher | |
| 5 | അക്ഷരഗണിതം | ◆ വർക്ക് ഷീറ്റുകൾ നല്കി $\frac{1}{100}$ കൾ എന്ന ഭിന്നസംഖ്യകളാണ് ശതമാനം എന്ന ധാരണ ഉറപ്പിക്കുന്നു.<br>സംഖ്യകൾക്ക് പകരം വസ്തുക്കൾ ഉപയോഗിച്ച് അക്ഷരഗണിതം പരിചയപ്പെടുത്തുന്നു. | 1 month | Maths teacher | |
| II | എല്ലാ കുട്ടികളും അവർ നേടിയിരിക്കേണ്ട (ക്ലാസ്സ്തലം) ചതുഷ്ക്രിയകൾ ഉറപ്പാക്കൽ | | | | |
| 1 | 20 ൽ താഴെയുള്ള സംഖ്യകളുടെ സങ്കലനവും വ്യവകലനവും ഉറപ്പാക്കൽ | സംഖ്യാമാലാ, മഞ്ചാടി, ചിത്ര ആൽബം, മണിച്ചട്ടം തുടങ്ങിയവ ഉപയോഗിച്ച് സങ്കലനവും വ്യവകലനവും ഉറപ്പാക്കുന്നു. | 3 months | Maths teacher | 2000 School grant |

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 2 | രണ്ടക്കസംഖ്യകളുടെ സങ്കലനവും വ്യവകലനവും ഉറപ്പാക്കുന്നു. | ◆ മഞ്ചാടി, കലണ്ടർ, തീപ്പെട്ടികോലുകളുടെ കൂട്ടങ്ങൾ, കളിനോട്ടുകൾ എന്നിവ ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നു. | 3 months | Maths teacher | 500 from PTA |
| 3 | വലിയ സംഖ്യകളുടെ സങ്കലനവും വ്യവകലനവും ഉറപ്പാക്കുന്നു. | ദൈനംദിന പ്രവർത്തനങ്ങളിലൂടെയും കുസൃതി കണക്കുകളുടെയും സംഖ്യാ ചക്രം, വർക്ക്ഷീറ്റ് എന്നിവയിലൂടെയും സങ്കലനവും വ്യവകലനവും ഉറപ്പിക്കുന്നു.<br>കച്ചവടനാടകം, സംഖ്യാകാർഡ്കളി, പാമ്പും കോണിയും കളി എന്നിവയിലൂടെ തുടർ പ്രവർത്തനങ്ങൾ നടത്തുന്നു. | 1 year | Maths teacher | 1000 from school grant |
| 4 | ഭിന്നസംഖ്യകൾ, ദശാംശസംഖ്യകൾ എന്നിവയുടെ സങ്കലനം, വ്യവകലനം, ഗുണനം, ഹരണം. | ചിത്രങ്ങളും വർക്ക്ഷീറ്റുകളും ഉപയോഗിച്ച് ഭിന്നസംഖ്യകളുടെ ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നു. വർക്ക്ഷീറ്റുകൾ ഉപയോ ഗിച്ച് ദശാംശസംഖ്യകളുടെ ചതുഷ്ക്രിയ കൾ ഉറപ്പിക്കുന്നു. | 1 year | Maths teacher | 500 from PTA |
| 5 | ഗുണനവും ഹരണവും ഉറപ്പാക്കുന്നു. | വസ്തുക്കളെ തുല്യ എണ്ണമുള്ള കൂട്ടങ്ങളാക്കി കൂട്ടങ്ങളുടെ എണ്ണവും ആകെ വസ്തുക്കളുടെ എണ്ണവും തമ്മിലുള്ള ബന്ധത്തിലൂടെ ഗുണനക്രിയ പരിചയപ്പെടുത്തിയശേഷം ഗുണനകലണ്ടർ, ഗുണന സ്ട്രിപ്പ്, ഗുണന കളികൾ, വർക്ക്ഷീറ്റ് എന്നിവ നല്കി ഗുണനം | 6 months | Maths teacher | |

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| | | ഉറപ്പാക്കുന്നു. ആവർത്തന വ്യവകലനത്തിലൂടെ ഹരണം പരിചയപ്പെടുത്തുന്നു. വർക്ക് ഷീറ്റിലൂടെയും പ്രായോഗിക പ്രശ്ന പരിഹാരങ്ങളിലൂടെയും ഹരണം ഉറപ്പാക്കുന്നു. | 1 year | Maths teacher &HM | 2000 from SDC |
| 6 | കൃത്യങ്കങ്ങളെക്കുറിച്ചുള്ള ധാരണ ഉറപ്പാക്കുന്നു. | സംഖ്യകളെ ഘടകക്രിയ ചെയ്ത് കൃതീകരിക്കുന്ന വർക്ക്ഷീറ്റുകൾ നല്കുന്നു. | 2 months | Maths teacher | 1000 from school grant |
| III | രസകരമായ ഗണിതശാസ്ത്ര പഠനവും കരചലനശേഷികളുടെ വികാസവും | ◆ നമ്മുടെ ചുറ്റുപാടുമുള്ള ജ്യാമിതീയ രൂപങ്ങളെ തിരിച്ചറിയാനുള്ള പ്രവർത്തനങ്ങൾ<br>◆ ജ്യാമിതീയ രൂപങ്ങൾകൊണ്ട് മാതൃകകൾ നിർമ്മിക്കൽ<br>◆ ഒറിഗാമി, ടാൻഗ്രാം നിർമാണം<br>◆ ഘടികാര നിർമാണം.<br>◆ അതാതു ക്ലാസ്സുകളിലേക്കുള്ള പഠനോപകരണ നിർമ്മാണം<br>◆ ജിയോജിബ്ര പരിചയപ്പെടുത്തി കോണുകൾ, രേഖീയ ജോടി, എതിർ കോൺ, സമസ്ഥാനീയ കോൺ, വൃത്തം, വൃത്തത്തെ ഭാഗിക്കൽ തുടങ്ങിയവ വരയ്ക്കാനുള്ള കഴിവ് നേടികൊടുക്കുന്നു. | 1 year<br><br>2 to 3 years | Maths club activities<br><br>Maths club | 1000 from staff<br><br>1500 from staff fund |
| IV | വിവിധ അളവുകളെക്കുറിച്ചുള്ള ധാരണ ഉറപ്പാക്കൽ | ത്രാസ്, തൂക്കക്കട്ടികൾ, weighing machine അളവുപാത്രങ്ങൾ, സ്കെയിൽ, ടേപ്പ് തുടങ്ങിയവ ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ | 3 months | Maths teacher | |

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| VI | എല്ലാ കുട്ടികൾക്കും ഘടികാരം ഉപയോഗിക്കാനുള്ള ശേഷി ഉണ്ടാക്കുന്നു. | വ്യത്യസ്ത പ്രവർത്തനങ്ങളിലൂടെ ക്ലോക്കിലെ സൂചികൾ തിരിച്ചറിഞ്ഞ് അവയുടെ ചലനം നോക്കി Sec, min, hr എന്നിവയുടെ ബന്ധം മനസ്സിലാക്കി വിശദീകരിക്കുന്നു. | | | |
| VI | ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | ♦ വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിത ലാബ് സജ്ജമാക്കൽ, ലാബിൽ വച്ച് ഗണിത ക്ലാസ്സ് നടത്തൽ<br>♦ ജോമെട്രിക്കൽ ചാർട്ട്, മോഡൽ നിർമ്മാണം<br>♦ ഗണിത ശാസ്ത്രജ്ഞരെ പരിചയപ്പെടുത്തൽ (വീഡിയോ പ്രദർശനം)<br>♦ ഗണിതപസിലുകൾ ഉൾപ്പെടുത്തിയുള്ള കളികൾ | 2 years | OSA, Maths club & HM | 50000 from OSA |
| VII | ഗണിതം മധുരമാക്കൽ | ജ്യാമതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ ചുമരുകളിൽ രൂപങ്ങൾ സജ്ജമാക്കൽ | 3 years | Panchayat & Maths club & HM | 25000 from MLA fund |
| VIII | പ്രതിഭകൾക്ക് വിദഗ്ധ പരിശീലനവും ക്ലാസ്സുകളും നൽകൽ | ഗണിതത്തിൽ മികവാർന്ന നിലവാരം പുലർത്തുന്ന കുട്ടികൾക്കായി പ്രത്യേക പരിശീലന ക്ലാസ്സുകൾ സംഘടിപ്പിക്കൽ | 4 years | Maths club & HM | 1000 class from PTA |
| IX | ഗണിത അറിവുകളെ പരിപോഷിപ്പിക്കൽ | വിദ്യാലയത്തിലെ മുഴുവൻ കുട്ടികൾക്കും വായിക്കുവാൻ സൗകര്യപ്രദമായ ഒരിടത്ത് ബുള്ളറ്റിൻ | | | |

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| IX | ഗണിത അറിവുകളെ പരിപോഷിപ്പിക്കൽ | വിദ്യാലയത്തിലെ മുഴുവൻ കുട്ടികൾക്കും വായിക്കുവാൻ സൗകര്യപ്രദമായ ഒരിടത്ത് ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കുകയും, കുസൃതി കണക്കുകൾ, ദിനാചരണങ്ങൾ, ഗണിത ശാസ്ത്രജ്ഞരെ പരിചയപ്പെടുത്തൽ തുടങ്ങിയ ഗണിത ആശയങ്ങൾ പ്രദർശിപ്പിക്കുന്നു. | 2 years | Maths club & HM | 50000 from manager |
| X | ഗണിത പ്രശ്നോത്തരി | സ്കൂൾ ആകാശവാണിയിലൂടെ ദിവസേന ഒരു ചോദ്യം | 1 year | Maths club & HM | 10000 from PTA |
| XI | പണമിടപാട് മനസ്സിലാക്കുന്നതിന് | ഒരു സ്കൂൾ ബാങ്ക് രൂപീകരിച്ച് ചുമതല, പ്രവർത്തനങ്ങൾ, നടത്തിപ്പ് എല്ലാം വിദ്യാർത്ഥികൾ. ഗണിത ക്ലബ്ബിന്റെ മേൽനോട്ടത്തിൽ കുട്ടികൾ ബാങ്കിലെ പ്രവർത്തനങ്ങൾ, പണത്തിന്റെ മൂല്യം, അത് കൈകാര്യം ചെയ്യേണ്ട വിധം എന്നിവ മനസ്സിലാക്കുന്നു. | 3 year | Maths club Maths teacher & HM | 1000 for a closed shelf to to keep records from the school grant |

# വി.ആർ.സി.എം.യു.പി. സ്കൂൾ, വല്ലഞ്ഞി

## അക്കാദമിക മാസ്റ്റർ പ്ലാൻ – 2018–19

## കലാകായിക പ്രവൃത്തി പരിചയം – (കലാപഠനം)

## സംഗീതം

**ആമുഖം**

പഠനത്തോടൊപ്പം അനുബന്ധമായ മേഖലകളായ കലാകായിക പ്രവൃത്തി പരിചയ പരിശീലനത്തിന്റെ ഭാഗമായി ഓരോ കുട്ടിക്കും താല്പര്യമുള്ള വിഷയങ്ങളിലുള്ള അഭിരുചി കണ്ടെത്തുകയും, ക്ലാസ്സ് തലത്തിൽ പ്രകടനം വിലയിരുത്തിയശേഷം ബന്ധപ്പെട്ട പ്രവർത്തനത്തിന്റെ സ്കൂൾതല മത്സരങ്ങളിലും മറ്റും പങ്കെടുപ്പിച്ച് പോരായ്മകൾ പരിഹരിച്ച് തുടർപഠനവും പരിശീലനവും സാധ്യമാക്കുകയും, പ്രസ്തുത കുട്ടിയുടെ അറിവും അഭിരുചിയും വർദ്ധിപ്പിക്കുകയും ചെയ്യുക. അതിനുശേഷം ബന്ധപ്പെട്ട കലാരൂപത്തിന്റെ സാധ്യതകൾ പാഠഭാഗങ്ങളുമായി യോജിച്ച് അവതരിപ്പിക്കുവാനുള്ള അവസരം ഒരുക്കുക.

# വി.ആർ.സി.എം.യു.പി. സ്കൂൾ, വല്ലങ്ങി

## അക്കാദമിക മാസ്റ്റർ പ്ലാൻ – കലാപഠനം – സംഗീതം

| നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | സ്കൂൾ കലോത്സവങ്ങൾക്ക് പങ്കെടുക്കത്തക്കരീതിയിൽ താല്പര്യമുള്ള ഇനങ്ങൾക്ക് തയ്യാറെടുക്കൽ | കലോത്സവത്തിലുള്ള ഇനങ്ങളായ ലളിതഗാനം മാപ്പിളപ്പാട്ട് എന്നിവയിൽ സ്കൂൾതല മത്സരം നടത്തി അഭിരുചിയുള്ള കുട്ടികളെ കണ്ടെത്തുക | ജൂലൈ ആഗസ്റ്റ് സെപ്റ്റംബർ | സംഗീതാദ്ധ്യാപകരും കലാഭിരുചിയുള്ള മറ്റ് അധ്യാപകരും | പി.ടി.എ OR സ്കൂൾ പൊതു ഫണ്ട് |
| 2 | വിവിധ ദിനാചരണങ്ങൾക്ക് അനുയോജ്യമായ ഗാനങ്ങൾ ആലപിക്കുന്നതിനുള്ള ശേഷിട ആർജ്ജിക്കൽ | ക്ലാസ്സടിസ്ഥാനത്തിൽ ഓരോ ദിനാചരണങ്ങൾക്കും അനുയോജ്യമായ ഗാനങ്ങൾ ശേഖരിക്കുകയും ആയത് എഴുതി തയ്യാറാക്കി ക്ലാസ്സിൽ പ്രദർശിപ്പിക്കുകയും ചെയ്യുക<br>ഉദാ: ആഗസ്റ്റ് 15 ജനവരി 26 ദേശഭക്തിഗാനം<br>ജൂൺ 5 പരിസ്ഥിതിദിനം പരിസ്ഥിതിഗാനം | അധ്യയന വർഷം മുഴുവൻ | ക്ലാസ്സദ്ധ്യാപകനും സംഗീതദ്ധ്യാപകനും | Nil |
| 3 | വിവിധ ഈണത്തിലുള്ള കവിതകൾ ആലപിക്കുന്നതിനുള്ള അറിവ് നേടുന്നതിന് | മലയാള പാഠാവലിയിലെ വിവിധ കവിതകൾ ഒരേ കവിത പല ഈണങ്ങളിലും, പല കവിതകൾ ഒരേ ഈണത്തിലും പാടുവാൻ അവസരം നൽകുകയും പ്രകടനം വിലയിരുത്തുകയും ചെയ്യുക. | ഓരോ പാദ പരീക്ഷകളുടെയും ഇടയിലുള്ള ദിവസങ്ങൾ | മലയാളം പഠിപ്പിക്കുന്ന അധ്യാപകരും സംഗീതാദ്ധ്യാപകരും | Nil |

# ചിത്രരചന

| നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | ചിത്രങ്ങളുടെ പിന്തുണയോടെ കുട്ടികൾ പാഠഭാഗങ്ങൾ ഹൃദസ്ഥമാക്കൽ | മാന്ത്രിക ചുമരുകൾ (Magic wall)<br>1 മുതൽ 4 വരെയുള്ള കുട്ടികൾക്ക് അവരുടെ പാഠഭാഗങ്ങൾ, അധ്യാപകർ പഠിപ്പിക്കുന്നതിനോടൊപ്പം അതിലെ കഥാപാത്രങ്ങളും, ചുറ്റുപാടുകളും ക്ലാസ്സ് മുറികളിൽ ചാർട്ടുകളിലോ, പ്രത്യേകം തയ്യാറാക്കുന്ന പ്ലൈവുഡ് ബോർഡുകളിലോ വരച്ച് പ്രദർശിപ്പിക്കുന്നു. | ഓരോ പാഠ ഭാഗവും അവസാനിക്കുന്നതു വരെ | • ചിത്രകല അധ്യാപകൻ<br>• ക്ലാസ്സ് ടീച്ചർ<br>• ചിത്രകലാ ക്ലബ്ബ് അംഗങ്ങൾ | അധ്യാപക ഗ്രാന്റ്<br>സംഭാവന<br>PTA<br>OSA<br>SDC |
| 2 | ചിത്രകലയോടൊപ്പം സർഗ്ഗശേഷി പരിപോഷണപ്രവർത്തനം | ചിത്രപുസ്തകം<br>1 മുതൽ 7 വരെ ക്ലാസ്സുകളിൽ കുട്ടികൾക്ക് സ്കെച്ച് പുസ്തകം തയ്യാറാക്കി നൽകുന്നു. ബൈൻഡ് ചെയ്ത പേജ് എണ്ണം കൂടുതലുള്ള പുസ്തകമായിരിക്കും. (കഥ, കവിത, നാട്ടറിവുകൾ etc.) ഇത് പ്രയോജനപ്പെടുത്താം | 10 മാസം തുടർ പ്രവർത്തനം | • ചിത്രകല അധ്യാപകൻ<br>• ഭാഷാ അധ്യാപകർ | കുട്ടികളുടെ വിഹിതം<br>sponsor |
| 3 | ലോകോത്തര ചിത്രകാരൻമാരെ അടുത്തറിയൽ | ആർട്ട് ഗാലറി<br>ഓരോ ക്ലാസ്സിലും ചിത്രരചനയ്ക്കായി പ്രത്യേക പ്രദർശനസ്ഥലം. കേരളീയ ചിത്രകലയോടൊപ്പം ദേശീയ അന്തർദേശീയ തലത്തിലുള്ള ചിത്രകാരൻമാരുടെ ചിത്രങ്ങളും ചിത്രകലയുടെ സങ്കേതങ്ങളും കുട്ടികൾക്ക് അടുത്തറിയാനുള്ള കോർണർ. അതാതു ക്ലാസ്സിലെ കുട്ടികൾക്ക് അവരുടെ ചിത്രങ്ങൾ പ്രദർശിപ്പിക്കാനും കഴിവുണ്ട്. | ഓരോ പാദ പരീക്ഷകളുടെയും ഇടയിലുള്ള ദിവസങ്ങൾ | • ചിത്രകല അധ്യാപകൻ<br>• ക്ലാസ്സ് ടീച്ചർ<br>• ക്ലാസ്സ് ലീഡർ | PTA<br>OSA<br>SDC |

# പ്രവൃത്തി പരിചയം

| നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | പഠനത്തോടൊപ്പം തൊഴിലഭിരുചി പ്രോത്സാഹനം | നിർമ്മാണ പ്രവർത്തനങ്ങൾ, വില്പന<br>നോട്ട്ബുക്ക്, കാർഡ് സ്ട്രോബോർഡ്, ചോക്ക്, ഫയൽ, ചവുട്ടി എന്നിവയുടെ നിർമ്മാണവും, വില്പനയും. | തുടർപ്രവർത്തനം | പ്രവൃത്തി പരിചയ ക്ലാസ്സ് | സ്പോൺസർഷിപ്പ്<br>അദ്ധ്യാപകരുടെ സംഭാവന<br>PTA<br>SDC<br>OSA |
| 2 | പാഠഭാഗങ്ങൾ ഹൃദസ്ഥമാക്കാൻ പഠനോപകരണങ്ങളുടെ നിർമ്മാണം | പഠനോപകരണങ്ങളുടെ നിർമ്മാണം<br>ഗണിതരൂപങ്ങൾ, ഗ്ലോബ്, പസ്സിലുകൾ, ഡസ്റ്റ് ബിന്നുകൾ, ഡസ്റ്റർ എന്നിവയുടെ നിർമ്മാണം. | " | " | ക്ലാസ്സ് ടീച്ചർ<br>sponsor<br>PTA<br>SDC<br>OSA |
| 3 | സ്വയം പര്യാപ്തത കൈവരിക്കലും പരിസ്ഥിതി സംരക്ഷണവും | സോപ്പ് നിർമ്മാണം<br>ജൈവ കീടനാശിനി നിർമ്മാണം | " | " | " |

# കായിക വിദ്യാഭ്യാസം

| നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | **കായികക്ഷമത**<br>മുഴുവൻ കുട്ടികൾക്കും കായിക ക്ഷമത ഉണ്ടാകുന്നതിനും വിവിധ മത്സരങ്ങൾ പങ്കെടുക്കുന്നതിനും | മുഴുവൻ കുട്ടികൾക്കും കായികക്ഷമത ലഭിക്കുന്ന വിധത്തിൽ Mass drill ലൂടെയും അത്‌ലറ്റിക് മത്സരത്തിലൂടെയും കുട്ടികളുടെ കായിക ക്ഷമത വർദ്ധിപ്പിക്കുന്നു. 7-൧൦ ക്ലാസ്സിലെ എല്ലാ കുട്ടികൾക്കും സൈക്കിൾ പഠനം ഉറപ്പാക്കുന്നു. | ജൂൺ മുതൽ ഒക്ടോബർ വരെ | കായിക അധ്യാപകനും മറ്റു സഹ അധ്യാപകരും | സൈക്കിൾ |
| 2 | **യോഗപഠനം**<br>യോഗപഠനത്തിലൂടെ മാനസിക വളർച്ചാവികാസം | മഴക്കാലത്തും മറ്റു ഒഴിവു പീരിഡുകളിലും യോഗ പഠനത്തിലൂടെ കുട്ടികളുടെ ചെറിയ അസുഖങ്ങളിൽ നിന്ന് രക്ഷിക്കാനും അതിലൂടെ കുട്ടികളുടെ മാനസിക ശാരീരിക വളർച്ച ലഭിക്കാനും സഹായിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | " | Hall |
| 3 | എയ്റോബിക് ഡാൻസും നീന്തൽ പരിശീലനവും കായികക്ഷമത വർദ്ധിപ്പിക്കുന്നു. | സംഗീതത്തിന്റെ സഹായത്തോടുകൂടി താളാത്മകമായി കളിയിലൂടെ കുട്ടികളുടെ ശേഷികൾ വർദ്ധിപ്പിക്കുവാൻ സാധിക്കുന്നു. ഇത് കുട്ടികളിൽ വളരെ താത്പര്യം ഉണ്ടാക്കുന്നു. ശനി, ഞായർ ദിവസങ്ങളിൽ കാലത്ത് കുളങ്ങളിൽ നീന്തൽ പരിശീലനത്തിലൂടെ സ്വയം രക്ഷയും മറ്റുള്ളവരുടെ ജീവനും രക്ഷിക്കാൻ സഹായിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | " | Hall. system<br>നീന്തൽ കുളം |

# ആരോഗ്യ വിദ്യാഭ്യാസം

| നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | കുട്ടിയുടെ ആരോഗ്യസ്ഥിതി മനസിലാക്കൽ | ഓരോ കുട്ടിക്കും ഒരു ഹെൽത്ത് കാർഡ് സൂക്ഷിക്കണം. ഇതിൽ കുട്ടിയുടെ ജനനത്തീയതി, ഉയരം, തൂക്കം, രക്തഗ്രൂപ്പ്, വാക്സിനേഷൻ വിവരങ്ങൾ, മറ്റ് ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടോ എന്ന വിവരങ്ങളും ഉണ്ടായിരിക്കണം. ഓരോ 6 മാസവും ഇത് update ചെയ്യണം. വേണ്ട മാറ്റം വരുന്നില്ലെ എന്ന് നിരീക്ഷിക്കണം. മാറ്റം ഉണ്ടാകുന്നില്ല എങ്കിൽ അതിന്റെ കാരണം കണ്ടെത്തി പരിഹാരമാർഗ്ഗങ്ങൾ തേടണം. | 7 years | HM & All teachers | 1000 from PTA |
| 2 | ശുചിത്വം ശീലമാക്കുക | ശുചിത്വം എങ്ങിനെ, എന്തിന് എന്നതിനുള്ള പ്രവർത്തനം. കൈ കഴുകൽ എങ്ങനെ എന്ന് demonstrate ചെയ്യാം ശരീരം വൃത്തിയായി സൂക്ഷിക്കുവാനും, നഖം വെട്ടുവാനും, വൃത്തിയുള്ള വസ്ത്രവും, ഭക്ഷണം കഴിക്കുന്നതിന്റെ പ്രാധാന്യം മനസിലാക്കുവാൻ ക്ലാസ്സുകൾ നടത്തും. documentrary, short films പ്രദർശനം നടത്തുന്നു. | 5 years | Health club & HM | 500 from manager |
| 3 | ഉച്ചഭക്ഷണം പോഷകം | ഒരു കുട്ടിയുടെ ശരിയായ വളർച്ചയ്ക്ക് ഉച്ചഭക്ഷണം പോഷകസമൃദ്ധം. എല്ലാവിധത്തിലും ശുചിത്വം ഉറപ്പാക്കും. നാടൻ വിഭവങ്ങൾ പ്രോത്സാഹിപ്പിക്കും. | | | |
| 4 | ആരോഗ്യമുള്ള ഒരു തലമുറയ്ക്കായി | നാടൻ കളികൾ പ്രോത്സാഹിപ്പിക്കുക അടുത്തുള്ള സ്കൂളുകാരുമായി മത്സരങ്ങൾ Cricket match, foodball match etc. | 3 years | sports club | 5000 from PTA |

| നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| | സമൃദ്ധം | വേണ്ട പോഷകങ്ങൾ ഉച്ചഭക്ഷണത്തിലൂടെ ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തും. നാടൻ വിഭവങ്ങളുടെ പ്രാധാന്യം മനസ്സിലാക്കുവാൻ ഫുഡ് ഫെസ്റ്റ് നടത്തും.<br>Bakery, fast food, Junk food എന്നിവയുടെ ദൂഷ്യങ്ങൾ മനസ്സിലാക്കുവാൻ awareness class, documentary shows എന്നിവ നടത്തും | Daily | ഉച്ചഭക്ഷണ committee & HM | 1000 from staff fund |
| | ലഹരി വിമുക്ത കാമ്പസ് | ലഹരിക്കെതിരെ ബോധവൽക്കരണം.<br>Awareness classes.<br>സമൂഹത്തിനെ ബോധവൽക്കരിക്കുവാൻ ലഘുലേഖ വിതരണം, poster പ്രദർശനം, corner PTA കളിൽ ഇതിനുള്ള ക്ലാസ്സ് സംഘടിപ്പിക്കും | 2 years | Health club HM & all teachers | 2000 from PTA |
| | | | | | |

# സ്കൂൾ പത്രം/ മാസിക

**എല്ലാ കുട്ടികളുടെയും ഭാഷാശേഷിയും, സർഗാത്മകശേഷിയും വർദ്ധിപ്പിക്കുന്നതിനായി ചെയ്യാവുന്ന പ്രവർത്തനങ്ങളും അവയുടെ വിശദാംശങ്ങളും**

| നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | എല്ലാ കുട്ടികളിലും ഭാഷാശേഷിയും സർഗാത്മകശേഷിയും വികസിപ്പിക്കൽ | ■ ഓരോ ക്ലാസ്സ് തലത്തിലും പത്രാധിപസമിതി രൂപീകരിക്കുന്നു. സർഗ്ഗശേഷി വികാസത്തിനുതകുന്ന ചിത്രങ്ങളും കൊളാഷ് എന്നിവ തയ്യാറാക്കൽ | ജൂൺ | ക്ലാസ്സ് ടീച്ചർ | ...................... |
| | | ■ സ്കൂൾതല പത്രാധിപസമിതി രൂപപ്പെടുത്തിയെടുക്കൽ (കുട്ടികളുടെ പത്രാധിപസമിതി) | | ഭാഷാധ്യാപകരും Drawing, Music, SRG കൺവീനർ എന്നിവർ | |
| | | ■ എല്ലാ ക്ലാസ്സ് തലത്തിലും ക്ലാസ് ടീച്ചറുടെ നേതൃത്വത്തിൽ ക്ലാസ്സ്തല മാസിക തയ്യാറാക്കലും പ്രകാശനവും | | | |
| | | ■ ഓരോ ക്ലാസ്സിലെയും മികച്ച സൃഷ്ടികൾ ക്ലാസ്സ് സമിതിയുടെ നേതൃത്വത്തിൽ തിരഞ്ഞെടുത്ത് സ്കൂൾ മാസികയിൽ പ്രസിദ്ധീകരിക്കുന്നു. | | ക്ലാസ്സ് ടീച്ചർ | PTA |
| | | ■ എല്ലാ ക്ലാസ് തലത്തിലും ക്ലാസ് ടീച്ചറുടെ നേതൃത്വത്തിൽ ഭിന്നശേഷിക്കാർക്ക് ഊന്നൽ നൽകികൊണ്ട് ക്ലാസ്സ്തല മാസിക തയ്യാറാക്കലും പ്രകാശനവും, സ്കൂൾ അസംബ്ലിയിൽ ക്ലാസ്സ് ടീച്ചറുടെ നേതൃത്വത്തിൽ അവതരിപ്പിക്കാനുള്ള അവസരം നൽകൽ | ജൂലൈ | ക്ലാസ്സ് ടീച്ചർ | PTA |

| നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| | | ■ ഓരോ ക്ലാസിലെയും കൃഷിയുമായി ബന്ധപ്പെട്ട പാഠഭാഗത്തിലെ രചനകൾ (കഥ, കവിത, ചിത്രങ്ങൾ) പോസ്റ്റർ, കൊളാഷ്) സ്കൂൾതല മാസിക തയ്യാറാക്കൽ | ഓഗസ്റ്റ് | ക്ലാസ്സ് ടീച്ചർ | PTA |
| | | ■ മലയാള ഭാഷയ്ക്ക് ഊന്നൽ നൽകികൊണ്ട് ക്ലാസ്സ്തല മാസിക തയ്യാറാക്കൽ, സ്കൂൾതല മാസിക തയ്യാറാക്കൽ | സെപ്റ്റംബർ | ക്ലാസ്സ് ടീച്ചർ | PTA |
| | | ■ ഇംഗ്ലീഷ് ഭാഷയ്ക്ക് ഊന്നൽ നൽകികൊണ്ട് ക്ലാസ്തല മാസിക തയ്യാറാക്കൽ, സ്കൂൾതല മാസിക തയ്യാറാക്കൽ | ഒക്ടോബർ | ഇംഗ്ലീഷ് ടീച്ചർ | PTA |
| | | ■ ഹിന്ദിഭാഷയ്ക്ക് പ്രാധാന്യം നൽകികൊണ്ട് ക്ലാസ്തല സ്കൂൾതല മാസിക തയ്യാറാക്കൽ | നവംബർ | ക്ലാസ്സ് ടീച്ചർ<br>ഹിന്ദി ടീച്ചർ | PTA |
| | | ■ സംസ്കൃതം ഭാഷയ്ക്ക് പ്രാധാന്യം നൽകികൊണ്ട് ക്ലാസ്തല, സ്കൂൾതല മാസിക തയ്യാറാക്കൽ | ഡിസംബർ | ക്ലാസ്സ് ടീച്ചർ<br>സംസ്കൃതം ടീച്ചർ | PTA |
| | | ■ അറബി, ഉറുദു, തമിഴ് ഭാഷകൾക്ക് പ്രാധാന്യം നൽകികൊണ്ട് സ്കൂൾതല, ക്ലാസ്തല മാസിക തയ്യാറാക്കൽ | ജനുവരി | ക്ലാസ്സ് ടീച്ചർ<br>ഭാഷാധ്യാപകർ | PTA |
| | | ■ വരൾച്ചയുമായി ബന്ധപ്പെട്ട് പാഠഭാഗത്തു നിന്നുള്ള രചനകൾ | ഫെബ്രുവരി | ക്ലാസ്സ് ടീച്ചർ | PTA |
| | | ■ സ്കൂൾതല മാസിക/പത്രം പ്രസിദ്ധീകരണം | മാർച്ച് | പത്രാധിപസമിതി | PTA |

## പഠനയാത്ര & ഫീൽഡ് ട്രിപ്പ്

| നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | ചുറ്റുമുള്ള വിവിധതരം പൂക്കളെക്കുറിച്ചും ഉദ്യാനം എന്ന ആശയം പരിചയപ്പെടുന്നതിനും<br>I[st] standard | ■ ചുറ്റുപാടുമുള്ള പൂക്കളുടെ പട്ടിക തയ്യാറാക്കുന്നു.<br>■ അടുത്തുള്ള ഉദ്യാനം സന്ദർശിക്കുന്നു.<br>■ പൂക്കളുടെ ചിത്രങ്ങൾ ശേഖരിച്ചു ശേഖരണ പുസ്തകത്തിൽ ഉൾപ്പെടുത്തുന്നു. | ആഗസ്റ്റ് മാസത്തിലെ ഒരു ദിവസം | ക്ലാസ്സ് ടിച്ചർ | PTA |
| 2 | പൊതുയിടങ്ങളിൽ, പൊതു സ്ഥാപനങ്ങൾ പരിചയപ്പെടുന്നതിനും പ്രവർത്തനരീതി മനസിലാക്കുന്നതിനും<br>2[nd] standard | ■ പൊതുസ്ഥാപനങ്ങളുടെ പട്ടിക തയ്യാറാക്കുന്നു.<br>■ ആഗസ്റ്റ് സെപ്റ്റംബർ മാസത്തിലെ ഒരു ദിവസം നിശ്ചയിച്ച് അധ്യാപകരും കുട്ടികളും പൊതുസ്ഥാപനങ്ങൾ സന്ദർശിക്കുന്നു. (നെന്മാറ പോലീസ് സ്റ്റേഷൻ, പോസ്റ്റ് ഓഫീസ് etc)<br>■ പൊതുസ്ഥാപനങ്ങളുടെ പ്രവർത്തനരീതി കുറിപ്പാക്കുന്നു. | ആഗസ്റ്റ് സെപ്റ്റംബർ മാസങ്ങളിലെ ഒരു ദിവസം | അധ്യാപകർ | SDC<br>PTA |
| 3 | പലതരം വിത്തിനങ്ങളെക്കുറിച്ച് അറിയുന്നതിന്<br>3[rd] standard | ■ വിത്തിനങ്ങളെക്കുറിച്ച് വിവരങ്ങൾ ശേഖരിക്കുന്നു.<br>■ അടുത്തുള്ള VFPCK സന്ദർശിക്കുന്നു.<br>■ വിവിധതരം വിത്തുകൾ ശേഖരിക്കുന്നു. | നവംബർ മാസം ഒരു ദിവസം | ക്ലാസ്സ് അധ്യാപകർ | PTA |

| നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- | --- |
| 4 | കൃഷിരീതികൾ മനസിലാക്കുന്നതിന് 3rd standard | ■ നെൽകൃഷിയെക്കുറിച്ച് വിവരങ്ങൾ ശേഖരിക്കുന്നു.<br>■ തൊട്ടടുത്ത വയൽ കൃഷിസമയത്ത് സന്ദർശിക്കുന്നു.<br>■ അനുഭവക്കുറിപ്പ്, കൃഷിപതിപ്പ് തയ്യാറാക്കുന്നു. | നവംബർ മാസം ഒരു ദിവസം | അധ്യാപകർ | PTA |
| 5 | കൃഷിയിടങ്ങളിൽ കാണപ്പെടുന്ന വിവിധ ജീവികളുടെ ആവാസ വ്യവസ്ഥ മനസ്സിലാക്കുന്നു. IVth standard | ■ കൃഷിസ്ഥലത്ത് കാണപ്പെടുന്ന ജീവികളുടെ പട്ടിക തയ്യാറാക്കുന്നു.<br>■ കൃഷിസ്ഥല സന്ദർശനം<br>■ ജീവികളുടെ ചിത്രം ഉൾപ്പെടുത്തി ആൽബം തയ്യാറാക്കുന്നു. | നവംബർ മാസം ഒരു ദിവസം | അധ്യാപകർ | SDC |
| 6 | ജലാശയങ്ങളെക്കുറിച്ച് മനസ്സിലാക്കുന്നതിന് IVth standard | ■ വിവിധ ജലാശയങ്ങളുടെ പട്ടിക തയ്യാറാക്കൽ<br>■ ഡാം സന്ദർശനം<br>■ ജില്ലയിലെ വിവിധ ഡാമുകളുടെ ചിത്രങ്ങളുടെ വിവരങ്ങളും ശേഖരണ പുസ്തകത്തിൽ ഉൾപ്പെടുത്തുന്നു. | ജൂൺ മാസം ഒരു ദിവസം | ക്ലാസ്സ് അധ്യാപകർ | PTA |
| 7 | കലകളെക്കുറിച്ച് അറിവ് നേടുന്നതിന് IVth standard | ■ വിവിധ കലകൾ പട്ടികപ്പെടുത്തുന്നു. കലാമണ്ഡലസന്ദർശനം. വിവിധകലകൾ ഉൾപ്പെടുത്തി ആൽബം തയ്യാറാക്കൽ | ആഗസ്റ്റ് മാസം ഒരു ദിവസം | അധ്യാപകർ | PTA |

| നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 8 | കുഞ്ചൻനമ്പ്യാർ, തുള്ളൽ കൃതികളെക്കുറിച്ച് അറിയുന്നതിന് IV$^{th}$ standard | ■ കുഞ്ചൻനമ്പ്യാരുടെ കൃതികൾ പരിചയപ്പെടുന്നു. ആസ്വദിക്കുന്നു.<br>■ കുഞ്ചൻനമ്പ്യാർ സ്മാരക സന്ദർശനം<br>■ നമ്പ്യാരുടെ കൃതികൾ ശേഖരിക്കുന്നു. | നവംബർ മാസം | ഭാഷാ അധ്യാപകർ | Staff |
| 9 | ചരിത്ര സ്മാരകങ്ങൾ ചരിത്രം മനസിലാക്കുന്നതിന് V$^{th}$ standard | ■ ചരിത്രത്തെക്കുറിച്ച് ചർച്ച<br>■ പാലക്കാടിന്റെ ചരിത്ര സ്മാരകമായ പാലക്കാട് കോട്ട സന്ദർശനം<br>■ വിവിധ ചരിത്രസ്മാരകങ്ങളുടെ വിവരശേഖരണം | ജൂൺ മാസം | സാമൂഹ്യശാസ്ത്ര അധ്യാപകർ | OSA |
| 10 | കേരളീയ കലകളെക്കുറിച്ചറിയുന്നതിന് V$^{th}$ standard | ■ കേരളീയ കലകൾ പട്ടിക തയ്യാറാക്കൽ<br>■ കേരള കലാമണ്ഡലം സന്ദർശനം<br>■ യാത്രാവിവരണം തയ്യാറാക്കൽ | നവംബർ മാസം | ഭാഷാ അധ്യാപകർ | Manager |
| 11 | കൃഷിയെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുന്നതിന് VII$^{th}$ standard | ■ കൃഷിയുമായി ബന്ധപ്പെട്ട വിവരങ്ങൾ ശേഖരിക്കുന്നു. അഭിമുഖ ചോദ്യാവലി തയ്യാറാക്കുന്നു.<br>■ കാർഷിക സർവ്വകലാശാല സന്ദർശനം – അഭിമുഖം<br>■ അഭിമുഖ റിപ്പോർട്ട് തയ്യാറാക്കൽ | ജനുവരി മാസം | ശാസ്ത്ര അധ്യാപകർ | SDC |

| നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 12 | സ്വന്തം ജില്ലയിലെ ജല വൈദ്യുത പദ്ധതികൾ ഉള്ള ഡാമുകൾ പരിചയപ്പെടുന്നതിന് VI<sup>th</sup> standard | ■ ജലവൈദ്യുത പദ്ധതികൾ ഉള്ള ഡാമുകളുടെ പട്ടിക തയ്യാറാക്കൽ<br>■ ഡാം സന്ദർശനം<br>■ ജലവൈദ്യുത ഡാമുകളുടെ ചിത്രവും വിവരങ്ങളും ശേഖരണം | ജൂൺ മാസം | അധ്യാപകർ | Staff |
| 13 | ജില്ലയിലെ കലാസാഹിത്യ മേഖലകളിലെ പ്രമുഖരെക്കുറിച്ച് വിവരങ്ങൾ ശേഖരിക്കുന്നത്. ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങൾ സന്ദർശിക്കൽ | ■ കലാസാഹിത്യമേഖലകളിലെ പ്രമുഖരുടെ പട്ടിക തയ്യാറാക്കൽ<br>■ സ്മാരകം, ഗൃഹസന്ദർശനം<br>■ വീഡിയോ പ്രദർശനം<br>■ ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങൾ വിവരശേഖരണം<br>■ എഴുത്തുകാരുടെ കൃതികൾ കണ്ടെത്തി വായിക്കുന്നു. | ജനുവരി മാസം | ഭാഷാ അധ്യാപകർ സാമൂഹ്യശാസ്ത്ര അധ്യാപകർ | മാനേജർ |

## ദിനാചരണങ്ങൾ

| ദിനങ്ങൾ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | |
|---|---|---|---|---|---|
| ജൂൺ – 5 പരിസ്ഥിതി ദിനം | പരിസ്ഥിതിയെ അറിയുന്നതിന്<br>പരിസ്ഥിതി സംരക്ഷണം ഉറപ്പുവരുത്തൽ | ■ പോസ്റ്റർ നിർമ്മാണം – LP<br>■ പരിസ്ഥിതി ക്വിസ് – UP<br>■ എല്ലാ കുട്ടികൾക്കും വൃക്ഷത്തൈ വിതരണം | 2 ദിവസം | Seed Club | |
| ജൂൺ – 12 ലോക ബാലവേല വിരുദ്ധ ദിനം | കുട്ടികളുടെ സംരക്ഷണം അവരുടെ അവകാശങ്ങളെകുറിച്ചുമുള്ള ബോധവത്ക്കരണം | ■ ആകാശവാണിയിൽ കൈലാഷ് സത്യാർത്ഥിയെക്കുറിച്ചുള്ള വിവരണം | ഒരു ദിവസം | | |
| ജൂൺ – 19 വായനാ ദിനം | വായനാദിനത്തിലൂടെ വിവിധതരം പുസ്തകങ്ങളുടെ വായന ആസ്വാദനം, ആശയഗ്രഹണം | ■ ഒരാഴ്ച വായനാവാരം – ഓരോ ദിവസവും ഓരോ പുസ്തകവും – അതെഴുതിയ എഴുത്തുകാരനേയും പരിചയപ്പെടൽ<br>■ Std I, II വായനാകാർഡ് ഉപയോഗിച്ചുള്ള വായന<br>■ വായനാ മത്സരം<br>■ കഥപറയൽ<br>■ കവിതാലാപനം ] LP<br>■ കഥ, കവിത, രചന<br>■ ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ<br>■ പുസ്തകപരിചയം ] UP | 7 ദിവസം | Social club<br><br>ഭാഷാക്ലബ്ബ് | |

| ദിനങ്ങൾ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|---|
| ജൂൺ – 20 സലിം അലി ചരമദിനം | പക്ഷി നിരീക്ഷണത്തിലൂടെ പക്ഷികളുടെ വൈവിധ്യം പരിചയപ്പെടുന്നതിന് | ■ 1–2 ക്ലാസുകളിലെ കുട്ടികൾക്ക് N-B പക്ഷികളുടെ പേര് തയ്യാറാക്കി വരൽ<br>■ 3–4 ക്ലാസുകളിൽ പക്ഷി നിരീക്ഷണം<br>■ U.P ക്ലാസ്സുകളിൽ പക്ഷികളുടെ ചിത്രം – കൊളാഷ് | 1 ദിവസം | social Club |
| ജൂൺ – 21 സംഗീത ദിനം | സംഗീതാസ്വാദനം സംഗീത ഉപകരണങ്ങൾ തിരിച്ചറിയുന്നതിന് | ■ സംഗീത ഉപകരണം പ്രദർശനം<br>■ പ്രശസ്ത സംഗീതജ്ഞരുടെ സി.ഡി. പ്രദർശനം eg. കച്ചേരികൾ | 2 ദിവസം | സംഗീതാധ്യാപകൻ |
| ജൂലൈ – 5 വൈക്കം മുഹമ്മദ് ബഷീർ ചരമ ദിനം | ബഷീറിനെ അറിയൽ | ■ ലഘു നാടകാവതരണം അസംബ്ലിയിൽ<br>■ ബഷീർ കൃതികൾ പരിചയപ്പെടുത്തൽ<br>■ സിമുലേഷൻ U.P | 1 ദിവസം | ഭാഷാ ക്ലബ്ബ് |
| ജൂലൈ – 11 | ജനസംഖ്യ ഗുണവും ദോഷവും തിരിച്ചറിയുന്നതിന് | ■ ചാർട്ട് തയ്യാറാക്കൽ – ജനപെരുപ്പം | 1 ദിവസം | ശാസ്ത്ര ക്ലബ്ബ് |

| ദിനങ്ങൾ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|---|
| **ജൂലൈ – 12 മലാല ദിനം** | **സ്ത്രീകളുടെ വിദ്യാഭ്യാസത്തിനും സമാധാനത്തിനും വേണ്ടി പോരാടിയ ആധുനിക യുഗത്തിലെ വിദ്യാർത്ഥിനിയെ പരിചയപ്പെടുത്തുന്നതിന്** | ■ **മലാലയുടെ പ്രസംഗം പ്രദർശനം** U.N. net - UP<br>■ **ചിത്രപ്രദർശനം** LP | 1 ദിവസം | social Club |
| **ജൂലൈ – 21 ചാന്ദ്ര ദിനം** | ചന്ദ്രനെക്കുറിച്ചറിയുന്നതിനും ശാസ്ത്രപഠനത്തിൽ താത്പര്യം വർദ്ധിപ്പിക്കുന്നതിനും | ■ **ചാന്ദ്രദിന ക്വിസ്, ചാർട്ട് പ്രദർശനം** UP<br>■ **ചന്ദ്രയാത്ര സി.ഡി. പ്രദർശനം, ക്വിസ്** - LP | 2 ദിവസം | Science Club |
| **ജൂലൈ – 29 കടുവ ദിനം** | പ്രകൃതി - മനുഷ്യ - നിലനിൽപിനനിവാര്യമാണ് കടുവകൾ | ■ **കടുവാ ബോധവത്ക്കരണ ക്ലാസ്സ് (സംരക്ഷണം) ഗുരുവായൂരപ്പൻ** Sark India wildlife protectore | 1 ദിവസം | social Club |
| **ആഗസ്റ്റ് – 29** | സ്വാതന്ത്ര്യത്തിന്റെ മഹത്വം ഉൾക്കൊണ്ട് സ്വാതന്ത്ര്യ സമര ചരിത്രം കുട്ടികളിലെത്തിക്കുന്നതിന് | ■ സ്വാതന്ത്ര്യസമര ചരിത്ര ക്വിസ് - UP<br>സ്വാതന്ത്ര്യസമര സേനാനിയുടെ ചിത്ര പ്രദർശനം - LP | 1 ദിവസം | social Club |

| ദിനങ്ങൾ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|---|
| ആഗസ്റ്റ് - 6 ഹിരോഷിമ നാഗസാക്കി ദിനം | യുദ്ധകെടുതികളെകുറിച്ച് കുട്ടികൾക്ക് അറിവുണ്ടാകുന്നതിന് | ■ യുദ്ധവിരുദ്ധ പ്രതിജ്ഞ<br>■ പോസ്റ്റർ നിർമാണം<br>■ സമാധാന റാലി - U.P<br>■ മെഴുകുതിരി തെളിയിക്കൽ - L.P | 2 ദിവസം | social Club |
| ആഗസ്റ്റ് - 15 സ്വാതന്ത്ര്യ ദിനം | സ്വാതന്ത്ര്യം നേടിതന്ന സ്വാതന്ത്ര്യസമരസേനാനികളെ ഓർമിക്കുന്നതിന് | ■ പതാക നിർമ്മാണം 1, 2 ക്ലാസ്സ്<br>■ പ്രച്ഛന്നവേഷം 3, 4<br>■ പ്രസംഗം, ക്വിസ്, ദേശഭക്തിഗാനാലാപനം - U.P | 1 ദിവസം | Science Club |
| ചിങ്ങം - 1 കർഷക ദിനം | കൃഷി നമ്മുടെ സംസ്കാരമാണെന്ന തിരിച്ചറിവിന് | ■ കാർഷിക ഉപകരണ പ്രദർശനം<br>■ ജൈവപച്ചക്കറി പ്രദർശനം<br>■ ചുറ്റുപാടുമുള്ള മികച്ച കർഷകനുമായി അഭിമുഖ സംഭാഷണം | 2 ദിവസം | social Club |
| ആഗസ്റ്റ് - 29 ദേശീയ കായിക ദിനം | ആരോഗ്യമുള്ള പുതുതലമുറയെ വാർത്തെടുക്കുന്നതിന് | ■ കായിക മത്സരങ്ങൾ<br>■ കായിക പ്രതിഭകളെ പരിചയപ്പെടുത്തൽ<br>■ ധ്യാൻചന്ദിന്റെ ജീവചരിത്രം ആകാശവാണിയിലൂടെ അവതരിപ്പിക്കൽ | 1 ദിവസം | കായികാധ്യാപകൻ |

| ദിനങ്ങൾ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|---|
| സെപ്റ്റംബർ –5 അധ്യാപകദിനം | വിദ്യാർത്ഥിയുടെ മാർഗ്ഗ ദർശിയാണ് അദ്ധ്യാപകൻ എന്ന് തിരിച്ചറിയുന്നതിനും അദ്ധ്യാപക വിദ്യാർത്ഥി ആത്മബന്ധം മനസിലാക്കുന്നതിനും | ■ വിരമിച്ച അധ്യാപകരുടെ അനുഭവ വിവരണം<br>■ ആശംസകാർഡ് നിർമ്മാണം L.P<br>■ പ്രസംഗം ഡോ. എസ്. രാധാകൃഷ്ണൻ - U.P | 1 ദിവസം | social Club |
| സെപ്റ്റംബർ – 11 പ്രാഥമിക സുരക്ഷാദിനം | അപകടങ്ങൾ സംഭവിച്ചാൽ ഉണർന്ന് പ്രവർത്തിക്കുന്നതിനും അത് വഴി പരിക്കിന്റെ ആഘാതം കുറയ്ക്കുന്നതിനും | ■ പ്രാദേശിക ഡോക്ടറുടെ നേതൃത്വത്തിൽ ബോധവത്കരണ ക്ലാസ്സ് | 1 ദിവസം | Science Club |
| സെപ്റ്റംബർ – 16 ഓസോൺ ദിനം | ഓസോൺ ശോഷണ പദാർത്ഥങ്ങളെ തിരിച്ചറിഞ്ഞ് ഉപയോഗം നിയന്ത്രിക്കുന്നതിന് | ■ ക്വിസ്<br>■ ചാർട്ട് നിർമ്മാണം L.P, UP | 1 ദിവസം | Science Club |
| ഒക്ടോബർ 1 ലോക വൃദ്ധ ദിനം | വൃദ്ധജനങ്ങൾ അന്യരല്ലെന്നും ഇന്നത്തെ യുവാക്കൾ നാളത്തെ വയോജനമാണെന്ന് ഉൾക്കൊണ്ട് പ്രവർത്തിക്കുന്നതിന് | ■ വൃദ്ധസദനം സന്ദർശിക്കൽ അരിയും പച്ചക്കറിയും വിതരണം ചെയ്യൽ L.P<br>■ തിരഞ്ഞെടുത്ത വയോജനങ്ങളെ ആദരിക്കൽ L.P, UP | 1 ദിവസം | Seed Club |

| ദിനങ്ങൾ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|---|
| ഒക്ടോബർ – 2 ഗാന്ധിജയന്തി | ഗാന്ധിയൻ ആദർശങ്ങൾ മനസിലാക്കുന്നതിന് | ■ ഉപന്യാസം U.P<br>■ ക്വിസ് LP, U.P | 1 ദിവസം | social Club |
| ഒക്ടോബർ – 15 അബ്ദുൾകലാം ജന്മദിനം | സാധാരണക്കാരനായി ജീവിച്ച് തന്റെ കഠിനാധ്വാനവും അർപ്പണവും കൊണ്ട് ഇന്ത്യയുടെ ഉന്നത പദവിവരെ കൈയാളാമെന്ന് തെളിയിച്ച മഹാനെ കുറിച്ചറിയുന്നതിന് | ■ റോക്കറ്റ് നിർമ്മാണം U.P<br>■ അബ്ദുൾകലാം അനുസ്മരണം | 1 ദിവസം | Science Club |
| ഒക്ടോബർ – 16 ഭക്ഷ്യദിനം | ഭക്ഷണത്തിന്റെ പ്രാധാന്യം സംരക്ഷണം, ഭക്ഷണം കിട്ടാത്ത ആളുകളുടെ ദയനീയത തിരിച്ചറിഞ്ഞ് ജീവിക്കാൻ പഠിക്കൽ | ■ അരിശേഖരണം<br>■ ചെറുനെല്ലി കോളനി സന്ദർശനം | 1 ദിവസം | Seed Club |
| നവംബർ 1 കേരളപിറവി ദിനം | കേരളത്തെക്കുറിച്ച് അറിയുന്നതിന് | ■ കേരളപിറവി ക്വിസ് L.P, UP<br>■ പ്രസംഗം UP | 1 ദിവസം | Language Club |
| നവംബർ 14 ശിശു ദിനം | കുട്ടികളുടെ പ്രിയങ്കരനായ ചാച്ചാജിയെ കുറിച്ചറിയുന്നതിന് | ■ ക്വിസ് L.P, UP<br>■ തൊപ്പി നിർമ്മാണം L.P, UP<br>■ പ്രസംഗ മത്സരം UP | 1 ദിവസം | social Club |

| ദിനങ്ങൾ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|---|
| നവംബർ 19 മാതൃദിനം | മാതൃസ്നേഹം അറിയുന്നതിനും മാതാവിന്റെ സ്നേഹവും, ത്യാഗവും, സഹനശക്തിയും തിരിച്ചറിഞ്ഞ് ജീവിക്കുന്നതിന് | ■ കവിതാരചന (അമ്മ) LP, U.P<br>■ ഉപന്യാസം നിങ്ങളുടെ അമ്മ എത്ര പ്രിയപ്പെട്ടതാണെന്ന് U.P | 1 ദിവസം | Language Club |
| ഡിസംബർ -1 എയ്ഡ്സ് ദിനം | സമൂഹത്തിലെ തെറ്റായ ജീവിതരീതികളെക്കുറിച്ചും ലഹരിമരുന്നുകളുടെ ഉപയോഗത്തെക്കുറിച്ചും ബോധവാന്മാരാക്കുന്നതിന് | ■ ബാഡ്ജ് നിർമ്മാണം U.P<br>■ ക്വിസ് LP | 1 ദിവസം | Science Club |
| ഡിസംബർ 22 രാമാനുജൻ ജന്മദിനം | ഗണിതപഠനം പ്രോത്സാഹിപ്പിക്കുന്നതിന് | ■ പാറ്റേൺ നിർമ്മാണം U.P<br>■ ലളിത ഗണിത പസിലുകൾ LP | 1 ദിവസം | Maths Club |
| ജനുവരി 26 റിപ്പബ്ലിക്ദിനം | ഇന്ത്യൻ ഭരണഘടന ലോകത്തിലെ ഏറ്റവും ശക്തമായതാണെന്ന് തിരിച്ചറിയുന്നതിന് | ■ പ്രസംഗം UP<br>■ പ്രച്ഛന്നവേഷം (സ്വാതന്ത്ര്യസമര സേനാനികളുടെ) LP | 1 ദിവസം | social Club |

| ദിനങ്ങൾ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|---|
| ജനുവരി 30 രക്തസാക്ഷി ദിനം | രാജ്യത്തിനുവേണ്ടി ജീവ ത്യാഗം ചെയ്ത ധീരദേശാ ഭിമാനികളെ പരിചയപ്പെടു ന്നതിന് | ■ ധീര ദേശാഭിമാനികളുടെ ചിത്ര പ്രദർശനം | 1 ദിവസം | social Club |
| ഫെബ്രുവരി 28 ശാസ്ത്രദിനം | ശാസ്ത്രബോധം വളർത്തു ന്നതിന് | ■ ലഘു പരീക്ഷണങ്ങൾ LP<br>■ ശാസ്ത്രം മാനവരാശിയുടെ നന്മയ്ക്കോ? തിന്മയ്ക്കോ? സെമിനാർ UP | 1 ദിവസം | Science Club |
| മാർച്ച് 8 വനിത ദിനം | വനിതകളെ ബഹുമാനി ക്കുന്നതിന് | ■ ബോധവത്ക്കരണക്ലാസ്സ് - വനിത പോലീസിന്റെ നേതൃത്വത്തിൽ | 1 ദിവസം | Scout and guide |
| മാർച്ച് 21 വന ദിനം | വനവത്ക്കരണത്തിന്റെ പ്രാധാന്യം അറിയുന്നതിന് | ■ വൃക്ഷത്തൈ വിതരണം<br>■ Poster, റാലി | 2 ദിവസം | Seed Club |

# ജൈവ വൈവിധ്യ പാർക്ക്

## ഭൂമിയിലെ ജൈവ വൈവിധ്യം നിലനിർത്തുന്നതിന്റെ ഭാഗമായി നമ്മുടെ സ്കൂളിൽ ഏറ്റെടുത്ത് ചെയ്യുവാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ

| നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | ജൈവവൈവിധ്യം എന്ത് എന്തിന് എന്ന് മനസ്സിലാക്കണം | ■ ക്ലബ്ബ് രൂപീകരണം<br>■ Club inauguration നടത്തുവാൻ ഒരു nature activist നെ ക്ഷണിച്ച് അവരെകൊണ്ട് ഒരു ബോധവത്ക്കരണ ക്ലാസ്സ് സംഘടിപ്പിക്കുന്നു. | ജൂൺ | Club convenor | staff fund |
| 2 | മരങ്ങളുടെ ആവശ്യം മനസിലാക്കുന്നതിന് | ■ പക്ഷികളെ ആകർഷിക്കുന്ന മരങ്ങൾ നടന്നു. eg. മാവ്, പ്ലാവ്, ചാമ്പ, സപ്പോട്ട, ഞാവൽ, കൊയ്യക്ക തുടങ്ങി ഫലവൃക്ഷങ്ങൾ<br>■ നട്ട തൈച്ചെടികളുടെ പരിപോഷണം<br>■ വെള്ളമൊഴിക്കുക<br>■ കുറച്ചു വലുതാകുന്നതുവരെ ജൈവവേലി കെട്ടുക<br>■ വളർച്ച പരിശോധിക്കുക | 3 വർഷം | Club Members & HM | PTA |
| 3 | പക്ഷികളുടെ പ്രാധാന്യം മനസ്സിലാക്കുന്നു | ■ ഫലങ്ങൾ നൽകി തുടങ്ങിയാൽ പക്ഷികൾ ആകർഷിക്കപ്പെടുന്നു.<br>■ ഭൂമിയിൽ വൃക്ഷങ്ങളുടെ സാന്നിധ്യം ഉറപ്പുവരുത്തുന്നതിൽ പക്ഷികൾക്കുള്ള പ്രാധാന്യം മനസ്സിലാക്കുവാൻ പക്ഷിനിരീക്ഷണം<br>■ നിരീക്ഷണം രേഖപ്പെടുത്തണം | 1 to 2 years | Club Members & all teachers | Manager |

| നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 4 | ഔഷധസസ്യങ്ങളുടെ ആവശ്യം മനസ്സിലാക്കുന്നതിന് | ■ നക്ഷത്രവനം<br>■ ഓരോ നക്ഷത്രവുമായി ബന്ധപ്പെട്ട മരം നടൽ<br>■ അവയുടെ പ്രാധാന്യം മനസിലാക്കൽ<br>■ അവയുടെ പരിപാലനം | 2 വർഷം | HM, Club members Forest dept. (monitoring) | OSA |
| 5 | ഔഷധ തോട്ടങ്ങൾ എന്തിന് എന്ന് മനസിലാകുന്നു. | ■ ഔഷധച്ചെടികൾ എതൊക്കെ എന്ന് കണ്ടെത്തുന്നു<br>■ അവയെ സ്കൂൾ പരിസരത്ത് നട്ട് പിടിപ്പിക്കുന്നു.<br>■ അവയെ പരിപാലിക്കുന്നു<br>■ അവയുടെ ആവശ്യകത മനസിലാക്കുന്നു<br>■ Awareness class against കാട്ടുതീ<br>■ വൃക്ഷങ്ങളുടെ Data bank | 1 to 2 years | Club Members & all teachers | Manager |
| 6 | നട്ടുപിടിപ്പിച്ച മരങ്ങളുടെ കണക്ക് ഉണ്ടോ? | പരിസ്ഥിതി ദിനത്തോടനുബന്ധിച്ചും അല്ലാതെയും കുട്ടികൾ നട്ടുപിടിപ്പിച്ച മരങ്ങളുടെ വളർച്ചാ വിശകലനം. എത്ര എണ്ണം വേരുപിടിച്ചു, എത്ര ഇല്ല എന്നതിന് ഒരു My tree data bank എന്ന രേഖ സൂക്ഷിച്ച് ഓരോ മരത്തിന്റെയും എല്ലാ വിവരങ്ങളും സൂക്ഷിക്കുന്നു. മരങ്ങളുടെ വളർച്ചാനിരക്ക് മനസിലാക്കുന്നു<br>അവ പൂക്കുന്നതിനും കായ്ക്കുന്നതിനും എടുക്കുന്ന സമയം മനസിലാക്കുന്നു. | 5 years | Club Members & HM | |

| നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 7 | വനവൽക്കരണം | മഴക്കാലങ്ങളിൽ തരിശായി കിടക്കുന്ന ഉപയോഗിക്കാതെ കിടക്കുന്ന മണ്ണിൽ കായ്ഫലം തരുന്ന മരങ്ങളുടെ വിത്തുകൾ പാകുന്നു. മഴക്കാലം കഴിയുമ്പോഴേയ്ക്കും പുതിയ തൈച്ചെടികൾ മുളച്ച് ആ പ്രദേശത്തിന് സമാധാനം വരുന്ന മാറ്റം കണ്ടു മനസ്സിലാകുന്നു. | 3 to 4 years | Club members& HM | |
| 8 | സർവ്വേയിലൂടെ വനവൽക്കരണം വരുത്തുന്ന മാറ്റം എന്ത്? | ■ വനവൽക്കരണം നടന്നുകഴിഞ്ഞ പ്രദേശത്തെ സമീപ വാസികളിൽ നിന്ന് വിവരശേഖരണം നടത്തുന്നു.<br>■ ഈ പ്രദേശത്തെ ജലക്ഷാമം കുറഞ്ഞോ?<br>■ ഈ പ്രദേശത്തെ ചൂടു കുറഞ്ഞോ?<br>■ കാറ്റിന്റെ ഗന്ധത്തിന് മാറ്റമുണ്ടോ?<br>തുടങ്ങിയ ചോദ്യങ്ങളുടെ ഉത്തരങ്ങളിൽ നിന്ന് ഒരു കുട്ടി വനവൽക്കരണം എങ്ങനെ ഭൂമിയേയും ജീവജാലങ്ങളെയും സംരക്ഷിക്കുന്നു എന്ന് മനസിലാക്കുന്നു. | Before summer season | Forest club & HM | 500 from notice from PTA |
| 9 | കാട്ടുതീക്കെതിരെ ബോധവൽക്കരണം | കാട്ടുതീ വിതയ്ക്കുന്ന നാശനഷ്ടങ്ങളെകുറിച്ച് സമീപവാസികൾക്ക് ബോധവൽക്കരണ ക്ലാസ്സ്, വിതരണം തുടങ്ങിയവ നടത്താം. | | | |
| 10. | പച്ചത്തുരുത്തുകളെ സംരക്ഷിക്കാം. മാലിന്യങ്ങളിൽ നിന്ന് മാലിന്യ നിർമ്മാർജനം ഒരു സംസ്കാരമായി മാറുന്നു. | ഇതിനായി പഞ്ചായത്തിന്റെയും സന്നദ്ധസേവനം നടത്തുന്നവരുടെയും കൂട്ടായ്മ രൂപീകരിച്ച് അവരൊന്നിച്ച് പ്രവർത്തനങ്ങൾ നടത്താം.<br>ഒരു കുട്ടിയുടെ ഇടപെടൽ എങ്ങിനെ ഒരു നാടിനെ നന്മയിലേക്ക് നയിക്കും എന്ന് മനസിലാക്കുന്നു. | 2 years | Panchayat social activities & school forest club | 2000 from manager |

# പ്രതീക്ഷിത നേട്ടങ്ങൾ

- ഗുണമേന്മയുള്ള വിദ്യാഭ്യാസം എല്ലാ കുട്ടികൾക്കും സൗജന്യമായി ലഭിക്കും എന്ന ഉറപ്പ്
- വിദ്യാലയ പ്രവേശനം തേടിയെത്തുന്നവരുടെ എണ്ണത്തിൽ വർദ്ധനവുണ്ടാകും
- പൊതുവിദ്യാഭ്യാസത്തെ സംരക്ഷിക്കുവാൻ കഴിയും
- സ്കൂളുകളും സമൂഹവും തമ്മിലുള്ള അകലം കുറയ്ക്കുവാൻ കഴിയും
- മാലിന്യ സംസ്കരണം ഓരോ കുട്ടിയും ശീലിക്കുന്നതോടെ ഒരു സമൂഹം ആ രീതിയിലേക്ക് മാറും. മാലിന്യക്കൂമ്പാരങ്ങൾ അപ്രത്യക്ഷമാകും
- വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുന്നത് എല്ലാവരും ശീലമാക്കും. നാടിന്റെ ഹരിതാഭ വീണ്ടെടുക്കാനാകും.

# ഉപസംഹാരം

ഒരു രാജ്യത്തിന്റെ പുരോഗതിയുടെ അടിസ്ഥാനഘടകം വിദ്യാഭ്യാസമാണ്. അതിനാൽ വിദ്യാലയങ്ങളുടെ മുന്നേറ്റം രാജ്യത്തിന്റെ മുന്നേറ്റമാണ്. പുതിയ സാമ്പത്തിക നയങ്ങളും കച്ചവടവും പൊതുവിദ്യാഭ്യാസരംഗത്തെ തകർത്തു കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ഇതിനൊരു മാറ്റമുണ്ടാക്കുവാൻ പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന് സാധിക്കും. ഇത് സമഗ്രവും ശാസ്ത്രീയവും സ്ഥായിയായതുമാണ്. കേരളത്തിന്റെ നവോത്ഥാന മൂല്യങ്ങൾ സംരക്ഷിക്കപ്പെടണം എന്നാഗ്രഹിക്കുന്ന ഓരോരുത്തരുടേയും കടമയാണ് ഈ യജ്ഞത്തിൽ പങ്കാളികളാവുക എന്നത്. നന്മകളാൽ സമൃദ്ധമായ നമ്മുടെ വിദ്യാലയത്തിന്റെ പൈതൃകം കാത്തുസൂക്ഷിക്കുന്നതിനും ഈ വികസനരേഖ ഉപകരിക്കുമെന്ന് പ്രതീക്ഷിച്ചുകൊണ്ട് സവിനയം സമർപ്പിക്കുന്നു.